പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## രണ്ടാമത് റിപ്പോർട്ട്

(2016 ഒക്ടോബർ മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച
2009-2010 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ
4.1, 4.2, 4.3, 4.4, 4.5 എന്നീ
ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ
തയ്യാറാക്കിയത്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

രണ്ടാമത് റിപ്പോർട്ട്

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2009-2010
വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.1, 4.2, 4.3, 4.4, 4.5
എന്നീ ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ
തയ്യാറാക്കിയത്]

1125/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 25 |
| അനുബന്ധം II: ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി | .. | 29 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016 -2019)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ</u> :

ശ്രീ. കെ.വി. അബ്ദുൾ ഖാദർ

ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ.എസ്. ബിജിമോൾ

ശ്രീ. വി.കെ.സി. മമ്മത് കോയ

ഡോ. എം.കെ. മുനീർ

ശ്രീ. പി.ടി. തോമസ്

ശ്രീ. തോമസ് ചാണ്ടി

ശ്രീ. എം. ഉമ്മർ

ശ്രീ. കെ.വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2016-2019) യുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ചുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.1, 4.2, 4.3, 4.4, 4.5 എന്നീ ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2016 ഒക്ടോബർ മാസം 18- ാം തീയതി ചേർന്ന സമിതിയോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

തിരുവനന്തപുരം,
2016 ഒക്ടോബർ 20.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

# റിപ്പോർട്ട്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2009-2010 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.1, 4.2, 4.3, 4.4, 4.5 എന്നീ ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്

ഓഡിറ്റ് ഖണ്ഡിക

**4.1 വൈദ്യുത ശ്മശാനത്തിനുള്ള പവർ ലോഡും ലൈറ്റ് ലോഡും തമ്മിൽ വേർതിരിക്കാത്തതുകാരണം അടയ്ക്കേണ്ടിവന്ന ഒഴിവാക്കാമായിരുന്ന വൈദ്യുതി ചെലവ്.**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ വൈദ്യുത ശ്മശാനത്തിനുള്ള പവർ ലോഡും ലൈറ്റ് ലോഡും വേർതിരിക്കാത്തത് ₹11.24 ലക്ഷത്തിന്റെ ഒഴിവാക്കാമായിരുന്ന വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലേക്ക് നയിച്ചു.

ലോ ടെൻഷൻ IV വ്യവസായിക വൈദ്യുത നിരക്ക് ബാധകമായ 59 കിലോ വാട്ട് കണക്റ്റഡ് ലോഡോടുകൂടിയ ഒരു വൈദ്യുത ശ്മശാനം കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ 2002 ജൂണിൽ സ്ഥാപിച്ചു. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ 2002-ലെ ലോ ടെൻഷൻ (പൊതു വിളക്കുകൾ ഒഴികെയുള്ളവ) നിരക്ക് ഉത്തരവ്[1] പ്രകാരം ലോ ടെൻഷൻ IV വ്യവസായിക ഉപഭോക്താക്കളുടെ പവർ ലോഡും ലൈറ്റ് ലോഡും വേർതിരിച്ച് പ്രത്യേകം മീറ്ററുകൾ ഉപയോഗിച്ച് അളക്കേണ്ടതാണ്. വേർതിരിക്കൽ നടത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ മുഴുവൻ ചാർജ്ജും (ഫിക്സഡ് ചാർജ്ജും എനർജി ചാർജ്ജും) 50 ശതമാനം അധികരിക്കും. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പ്രത്യേകം മീറ്ററുകൾ സ്ഥാപിച്ച് വൈദ്യുത ശ്മശാനത്തിന്റെ പവർ ലോഡും ലൈറ്റ് ലോഡും വേർതിരിച്ചിരുന്നില്ല. അതിനാൽ ഫിക്സഡ്, എനർജി ചാർജ്ജിനങ്ങളിൽ 50 ശതമാനം അധികം തുക അടച്ചുകൊണ്ടിരുന്നു. ഓഡിറ്റിൽ (2009 ഒക്ടോബർ) ശേഖരിക്കാൻ കഴിഞ്ഞ വൈദ്യുത ശ്മശാനത്തിന്റെ 77 മാസത്തെ (2002 ഒക്ടോബറിനും 2009 സെപ്റ്റംബറിനുമിടയിൽ) ഊർജ്ജ ഉപഭോഗത്തിന്റെ വിശദാംശങ്ങൾ പ്രകാരം പവർ ലോഡും ലൈറ്റ് ലോഡും വേർതിരിക്കുന്നതിലുണ്ടായ പരാജയം ₹11.24 ലക്ഷത്തിന്റെ ഒഴിവാക്കാമായിരുന്ന

[1] 2002 ഒക്ടോബർ മുതൽ നിലവിൽ വന്നത്.

വൈദ്യുത ചാർജ് അടയ്ക്കുന്നതിലേക്ക് നയിച്ചു പവർ ലോഡും ലൈറ്റ് ലോഡും വേർതിരിച്ചിരുന്നെങ്കിൽ കൂടിയ നിരക്കിൽ വൈദ്യുത ചാർജ് അടയ്ക്കുന്നത് ഒഴിവാക്കാമായിരുന്നു എന്ന വസ്തുത കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് അറിയാമായിരുന്നു എന്ന് ഓഫീസ് കുറിപ്പുകളിൽനിന്നും കാണാൻ കഴിഞ്ഞു. ലൈറ്റ് ലോഡിന് പ്രത്യേകം മീറ്റർ സ്ഥാപിക്കുന്നതിന് കോർപ്പറേഷൻ മേയർ ഉത്തരവിട്ടെങ്കിലും (2004 ഫെബ്രുവരി), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തുടർ നടപടികളൊന്നും എടുത്തില്ല (2009 ഒക്ടോബർ).

നിലവിലുള്ള ത്രീ-ഫെയ്സ് കണക്ഷൻ ചൂളയ്ക്ക് മാത്രമായി ഉപയോഗപ്പെടുത്തുമെന്നും ശ്മശാനത്തിലെ ലൈറ്റുകൾക്കും ഫാനുകൾക്കുമായി പ്രത്യേകം വയറിംഗ് നടത്തുന്നതിന് അടങ്കൽ തയ്യാറാക്കി ദർഘാസ് ക്ഷണിച്ചിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു (2010 ആഗസ്റ്റ്). മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇതുപോലെ സംഭവിച്ചിട്ടുണ്ടെങ്കിൽ സർക്കാരിന് സമാനമായ നടപടി എടുക്കാവുന്നതാണ്.

(സി ആന്റ് എ.ജിയുടെ 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ വൈദ്യുതശ്മശാനത്തിനുള്ള പവർ ലോഡും ലൈറ്റ് ലോഡും വേർതിരിക്കാത്തതിനാൽ 2002 ഒക്ടോബർ മാസം മുതൽ 2009 സെപ്റ്റംബർ മാസംവരെയുള്ള കാലയളവിൽ വൈദ്യുതി ചാർജ്ജിനത്തിൽ 11.24 ലക്ഷം രൂപ അധികം നൽകേണ്ടതായി വന്നെന്നുള്ള ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുത ശ്മശാനത്തിനുള്ള പവർ ലോഡും ലൈറ്റ് ലോഡും വേർതിരിക്കുന്നതിനുള്ള പ്രവൃത്തി ചെയ്യുന്നതിന് 3-6-2010-ൽ തന്നെ 65,000 രൂപ അടങ്കൽ തയ്യാറാക്കി ടെണ്ടർ ക്ഷണിക്കുകയും ടെണ്ടറുകളിൽ ആരും പങ്കെടുക്കാത്തതിനെത്തുടർന്ന് നിലവിലുള്ള കരാറുകാരുമായി നെഗോഷ്യേറ്റ് ചെയ്ത് 9-5-2011-ൽ പ്രവൃത്തി പൂർത്തീകരിക്കുകയും 2011 ജൂൺ മുതൽ അവ പ്രത്യേകം കണക്ഷനാക്കുകയും ചെയ്തിട്ടുണ്ടെന്ന് കോഴിക്കോട് കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു

2. ലൈറ്റ് ലോഡിനും പവർ ലോഡിനും വെവ്വേറെ മീറ്ററുകൾ സ്ഥാപിക്കണമെന്ന് 2004-ൽ കോർപ്പറേഷൻ മേയറുടെ ഉത്തരവുണ്ടായിട്ടും ആയതിൻപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് ഏഴ് വർഷത്തെ കാലതാമസമുണ്ടായത് കോർപ്പറേഷന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തി.

3. പവർലോഡും ലൈറ്റ്ലോഡും വേർതിരിച്ച് പ്രത്യേകം മീറ്ററുകളിൽ സ്ഥാപിക്കാതിരുന്നത് കോർപ്പറേഷന്റെ പാളിച്ചയാണെന്നും ആയതിന്മേൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപടികളൊന്നും സ്വീകരിക്കാതിരുന്നതെന്തുകൊണ്ടാണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് കോർപ്പറേഷനിൽ ഇലക്ട്രിക്കൽ എഞ്ചിനീയർ ഇല്ലെന്നും സിവിൽ എഞ്ചിനീയർമാർക്ക് അധിക ചുമതല നൽകിയിരിക്കുകയാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി.

4. 2004-ൽ കോർപ്പറേഷൻ മേയറുടെ ഉത്തരവുണ്ടായിട്ടും നടപടി സ്വീകരിക്കുവാൻ കാലതാമസം ഉണ്ടായത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കൃത്യവിലോപമാണെന്ന സമിതിയുടെ അഭിപ്രായത്തോട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യോജിച്ചു. പ്രസ്തുത സാഹചര്യത്തിൽ ആയത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തണമെന്നും കോർപ്പറേഷനുണ്ടായ ഭീമമായ നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**5. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ വൈദ്യുത ശ്മശാനത്തിന്റെ നിർമ്മാണഘട്ടത്തിൽത്തന്നെ പവർ ലോഡും ലൈറ്റ് ലോഡും വേർതിരിക്കുന്നതിനുള്ള പ്രത്യേകം വൈദ്യുത മീറ്ററുകൾ ഘടിപ്പിക്കാതിരുന്നത് കോർപ്പറേഷന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതികൾക്കാവശ്യമായ സാങ്കേതിക സജ്ജീകരണങ്ങൾ സംബന്ധിച്ച് മുൻകൂട്ടി പഠനം നടത്തി, അവ യഥാസമയം പ്രവൃത്തിയിലുൾപ്പെടുത്തുന്ന രീതി അനുവർത്തിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**6. ലൈറ്റ് ലോഡിനും പവർ ലോഡിനും വെവ്വേറെ മീറ്ററുകൾ സ്ഥാപിക്കണമെന്ന കോർപ്പറേഷൻ മേയറുടെ 2004-ലെ ഉത്തരവുണ്ടായിട്ടും ആയത് യഥാസമയം നടപ്പാക്കാത്തതിലൂടെ കോർപ്പറേഷന് ഭീമമായ നഷ്ടമുണ്ടായതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ കോർപ്പറേഷൻ മേയറുടെ ഉത്തരവ് നടപ്പാക്കുന്നതിൽ കാലതാമസം വരുത്തിയ ജീവനക്കാർക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

### 4.2 ബയോഗ്യാസ് പ്ലാന്റുകളിന്മേലുള്ള ഫലദായകമല്ലാത്ത ചെലവ്

2007-ൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സ്ഥാപിച്ച ഏഴ് ബയോഗ്യാസ് പ്ലാന്റുകളിൽ രണ്ടെണ്ണം കമ്മീഷൻ ചെയ്ത തീയതി മുതൽ വെറുതെ കിടക്കുകയും അഞ്ച് പ്ലാന്റുകൾ 2008 ജൂൺ മുതൽ പ്രവർത്തനക്ഷമമല്ലാതാവുകയും ചെയ്യുക വഴി അവയ്ക്കുവേണ്ടി ചെലവഴിച്ച ₹61.61 ലക്ഷം ഫലദായകമല്ലാതായി.

മാലിന്യ നിർമ്മാർജ്ജന പദ്ധതിയുടെ വികേന്ദ്രീകരണത്തിൻകീഴിൽ കോർപ്പറേഷനിലെ വിവിധ വാർഡുകളിൽ ജൈവമാലിന്യം കൈകാര്യം ചെയ്യുന്നതിനായി പത്ത് ബയോഗ്യാസ് പ്ലാന്റുകളുടെ[2] നിർമ്മാണത്തിന് കൊച്ചി കോർപ്പറേഷൻ കൗൺസിൽ അംഗീകാരം നൽകി (2007 ജനുവരി). 2007 ഫെബ്രുവരിയിൽ ജില്ലാ ആസൂത്രണ സമിതി പദ്ധതിക്ക് അംഗീകാരം നൽകി. കൊച്ചി കോർപ്പറേഷൻ ഏരിയയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവ മാലിന്യം സംസ്കരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു ഈ പ്ലാന്റുകൾ; അതുവഴി ബ്രഹ്മപുരത്തെ നിർദ്ദിഷ്ട കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതിയിൽ കൈകാര്യം ചെയ്യേണ്ടിവരുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുകയും ചെയ്യും. ഏറ്റവും കുറഞ്ഞ തുകയ്ക്ക് ലേലം കൊണ്ട തിരുവനന്തപുരത്തെ മെസ്സേഴ്സ് ജ്യോതി ബയോഗ്യാസ് ആന്റ് റൂറൽ സോഷ്യൽ സർവ്വീസ് സെന്ററിന് (സ്ഥാപനം) ചർച്ച ചെയ്ത് ഉറപ്പിച്ച ₹96.56 ലക്ഷത്തിന് ഈ ജോലി മുനിസിപ്പൽ കോർപ്പറേഷൻ നൽകി. 2007 മേയ് മാസത്തിൽ സ്ഥാപനം ഏഴ് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. പൊതുജനങ്ങളുടെ പ്രതിഷേധം കാരണം ബാക്കി മൂന്ന് പ്ലാന്റുകളുടെ നിർമ്മാണത്തിനായി സ്ഥലം ലഭ്യമാക്കാൻ മുനിസിപ്പൽ കോർപ്പറേഷനു കഴിഞ്ഞില്ല. മുനിസിപ്പൽ കോർപ്പറേഷന്റെ കൈവശം തടസ്സങ്ങളൊന്നുമില്ലാത്ത ഭൂമി ലഭ്യമാണെന്ന് ഉറപ്പുവരുത്താതിരുന്നതിൽ നിന്നും പദ്ധതിക്ക് അംഗീകാരം നൽകിയ ജില്ലാ ആസൂത്രണ സമിതിയുടെ അശ്രദ്ധ വെളിവാകുന്നു. ഏഴ് ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണത്തിന് വേണ്ടിവന്ന മൊത്തം തുകയായ ₹68.87 ലക്ഷത്തിൽ 2009 ഡിസംബർ വരെ സ്ഥാപനത്തിന് നൽകിയത് ₹61.61 ലക്ഷം ആയിരുന്നു.

കരാറനുസരിച്ച് സ്ഥാപനം തങ്ങളുടെ തന്നെ ചെലവിൽ പ്ലാന്റുകൾ ഒരു വർഷം പ്രവർത്തിപ്പിക്കേണ്ടതായിരുന്നു. എന്നാൽ സ്ഥാപനം ഒരു വർഷം അഞ്ച് പ്ലാന്റുകൾ മാത്രമാണ് പ്രവർത്തിപ്പിച്ചത്. 2008 ജൂൺ മുതൽ ഈ പ്ലാന്റുകൾ പ്രവർത്തനക്ഷമമല്ലാതായി. സ്ഥാപനം ബാക്കി രണ്ട് പ്ലാന്റുകൾ പ്രവർത്തിപ്പിച്ചതേയില്ല. കരാറുകാരൻ രണ്ട് പ്ലാന്റുകൾ പ്രവർത്തിപ്പിക്കാതിരുന്നതിനാൽ അയാൾക്ക് നൽകിയ തുകയിൽ നിന്നും നിർമ്മാണച്ചെലവിന്റെ പത്ത് ശതമാനം (₹1,84,591) കുറച്ചാണ് നൽകിയതെന്ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി പ്രസ്താവിച്ചു (2011 ജൂൺ). 2009 മേയോടുകൂടി എല്ലാ പ്ലാന്റുകളുടെയും ഗ്യാരന്റി കാലാവധി അവസാനിച്ചു. സ്ഥാപിച്ച പ്ലാന്റുകളൊന്നും പ്രവർത്തിക്കാത്തതിനാൽ വിശദമായ പഠനം നടത്തി പ്ലാന്റുകളുടെ പരാജയത്തിനുള്ള കാരണം അറിയിക്കാൻ അനെർട്ട് [3] പ്രോജക്ട് ഓഫീസറോട് മുനിസിപ്പൽ കോർപ്പറേഷൻ അഭ്യർത്ഥിച്ചു (2008 ഡിസംബർ). അനെർട്ട് അങ്ങനെയുള്ള ഒരു പഠനവും നടത്തിയില്ല. അനെർട്ടുമായി ഈ കാര്യം തുടർന്ന് ചർച്ച ചെയ്യുന്നതിലും മുനിസിപ്പൽ കോർപ്പറേഷൻ പരാജയപ്പെട്ടു. 2008 ജൂൺ മുതൽ മുനിസിപ്പൽകോർപ്പറേഷൻ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നത് ബ്രഹ്മപുരത്ത് പുതുതായി സ്ഥാപിച്ച സംസ്കരണ പ്ലാന്റിലാണ്.

---

2. 40 ക്യൂബിക്ക് മീറ്റർ വീതം ശേഷിയുള്ള ഒൻപത് പ്ലാന്റുകളും 60 ക്യൂബിക് മീറ്റർ ശേഷിയുള്ള ഒരു പ്ലാന്റും.

3. ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി.

ആവശ്യമായ മേൽനോട്ടത്തിന്റെ അഭാവവും കൃത്യസമയത്ത് പരിഹാര നടപടികൾ സ്വീകരിക്കാത്തതും കാരണം പ്ലാന്റുകൾ സ്ഥാപിക്കാനായി ₹61.61 ലക്ഷം ചെലവിട്ടെങ്കിലും ജൈവ മാലിന്യത്തിന്റെ വികേന്ദ്രീകൃത സംസ്കരണത്തിനായി ബയോഗ്യാസ് സ്ഥാപിക്കുന്നതിനുള്ള മുനിസിപ്പൽ കോർപ്പറേഷന്റെ ശ്രമങ്ങൾ ഉദ്ദേശിച്ച ഫലം നൽകാതെ പരാജയപ്പെടുന്നതിനിടയാക്കി. ഇക്കാര്യം 2010 ജൂണിൽ സർക്കാരിനെ അറിയിച്ചു, മറുപടി ലഭിച്ചിട്ടില്ല (2011 മേയ്).

(സി ആന്റ് എ.ജി.യുടെ 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

7. 2007-ൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സ്ഥാപിച്ച ഏഴ് ബയോഗ്യാസ് പ്ലാന്റുകളിൽ രണ്ടെണ്ണം കമ്മീഷൻ ചെയ്ത തീയതി മുതൽ വെറുതെ കിടക്കുകയും അഞ്ചെണ്ണം 2008 ജൂൺ മുതൽ പ്രവർത്തനക്ഷമമല്ലാതാവുകയും ചെയ്തതുവഴി 61.61 ലക്ഷം രൂപ ഫലദായകമല്ലാതായെന്നുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന്, കൊച്ചി നഗരസഭയിലെ അതീവഗുരുതരമായ ജൈവ മാലിന്യനിർമ്മാർജ്ജന പ്രശ്നത്തിന് പരിഹാരമായി 10 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതിക്കാണ് 2006-ൽ കോർപ്പറേഷൻ രൂപം നൽകിയതെന്നും തദ്ദേശവാസികളുടെ പ്രതിഷേധം കാരണം 7 പ്ലാന്റുകൾ മാത്രമേ സ്ഥാപിക്കാൻ കഴിഞ്ഞുള്ളുവെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. അവയിൽ അഞ്ച് പ്ലാന്റുകൾ കമ്പനി പ്രവർത്തിപ്പിച്ചിരുന്നുവെന്നും 2008-ൽ ബ്രഹ്മപുരത്ത് പുതുതായി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചതോടെ മറ്റു രണ്ടു പ്ലാന്റുകൾ പ്രവർത്തിപ്പിക്കുന്നതിൽ പൊതുജനങ്ങളിൽനിന്നുള്ള എതിർപ്പ് ശക്തമാവുകയും പ്ലാന്റുകൾ പ്രവർത്തിപ്പിക്കാൻ കഴിയാതാവുകയുമാണുണ്ടായതെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്ലാന്റുകൾ സ്ഥാപിക്കാനായി കരാർ എടുത്ത M/s ജ്യോതി ബയോഗ്യാസ് എന്ന സ്വകാര്യസ്ഥാപനവുമായുള്ള കരാറിൽ പ്ലാന്റുകൾ 5 മാസം പ്രവർത്തിപ്പിക്കുന്നതിനും ജീവനക്കാർക്ക് അതിൽ പരിശീലനം നൽകുന്നതിനും വ്യവസ്ഥ ഉണ്ടായിരുന്നുവെങ്കിലും വ്യവസ്ഥ മുഴുവനായി പാലിക്കാത്തതിനാൽ സ്ഥാപനത്തിനു നൽകുവാനുള്ള തുകയിൽ നിന്ന് 8 ലക്ഷം രൂപ പിടിച്ചുവയ്ക്കുകയും കരാർ റദ്ദാക്കുകയുമാണുണ്ടായതെന്നും അദ്ദേഹം വ്യക്തമാക്കി. പ്ലാന്റുകളുടെ മെയിന്റനൻസ് നടത്തുന്നതിനായി 2010 മേയ് മാസത്തിൽ M/s Grow Green International എന്ന സ്ഥാപനത്തെ ഏൽപ്പിച്ചുവെന്നും പ്രസ്തുത സ്ഥാപനം

ഇപ്പോൾ നാല് പ്ലാന്റുകൾ പ്രവർത്തിപ്പിക്കുന്നുണ്ടെന്നും, മൂന്ന് പ്ലാന്റുകൾ പ്രവർത്തിപ്പിക്കാത്തത് സാങ്കേതിക തകരാർമൂലമല്ലെന്നും മറിച്ച് തദ്ദേശവാസികളുടെ എതിർപ്പുകാരണമാണെന്നും ആയതിനാൽ പദ്ധതിക്കായി ചെലവാക്കിയ 61.61 ലക്ഷം രൂപ വ്യർത്ഥമായ ചെലവല്ലെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

8. പ്ലാന്റുകളുടെ പരാജയത്തിനുള്ള കാരണമെന്താണെന്ന് അറിയിക്കാൻ അനെർട്ടിനോട് ആവശ്യപ്പെട്ടതിന്റെ കാരണം ആരാഞ്ഞതിന് പ്ലാന്റുകൾ നല്ലരീതിയിൽ പ്രവർത്തിക്കാത്തതിനാലാണ് അനെർട്ടിനോട് ഇപ്രകാരം ആവശ്യപ്പെട്ടതെന്നും എന്നാൽ ആയത് സംബന്ധിച്ച് തുടർനടപടികൾ ഉണ്ടായിട്ടില്ലെന്നും പുതിയ സ്ഥാപനവുമായി മെയിന്റനൻസ് കരാറിൽ ഏർപ്പെട്ടതിനുശേഷം എല്ലാ പ്ലാന്റുകളും പ്രവർത്തിപ്പിക്കാവുന്ന നിലയിലായെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി.

9. പ്രോജക്ടിന് അംഗീകാരം ലഭിക്കുന്നതിനുമുമ്പായി പദ്ധതിയുടെ നടപ്പാക്കൽ വാർഡ് സഭാതലത്തിൽ ചർച്ചചെയ്യപ്പെട്ടിരുന്നോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് അക്കാര്യം അറിയില്ലെന്നും എന്നാൽ ടി പ്രശ്നം പല തവണ ചർച്ചയിൽ വന്നിട്ടുണ്ടെന്നും ചില സ്ഥലങ്ങളിൽ ജനങ്ങൾ പദ്ധതിയുമായി സഹകരിക്കാത്തതാണ് പ്ലാന്റുകൾ പ്രവർത്തിപ്പിക്കാൻ കഴിയാതിരിക്കുന്നതിന്റെ കാരണമെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിക്ക് ഉത്തരം നൽകി. എന്നാൽ ഭാവിയിൽ ജനങ്ങൾ സഹകരിക്കുമെന്നാണ് വിശ്വാസമെന്നും അതിനുദാഹരണമാണ് ചർച്ചകളിലൂടെ ജനങ്ങൾക്ക് ബോധവൽക്കരണം നൽകി പ്രവർത്തനം പുനരാരംഭിച്ച ഫോർട്ട് കൊച്ചി ആയുർവ്വേദ ഹോസ്പിറ്റലിലെ പ്ലാന്റെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

10. കൊച്ചി കോർപ്പറേഷന് ഉദ്യോഗസ്ഥരും ഭരണസമിതിയും മുൻകയ്യെടുത്ത് തദ്ദേശവാസികളുമായി ചർച്ച ചെയ്ത് അടിയന്തരമായി ബാക്കി മൂന്ന് പ്ലാന്റുകൾ കൂടി പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**11. ശരിയായ ആസൂത്രണമില്ലാതെയും സാദ്ധ്യതാപഠനം നടത്താതെയുമാണ് കൊച്ചി നഗരസഭ പത്ത് ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം നടത്തുന്നതിനുള്ള പദ്ധതി ആരംഭിച്ചതെന്നും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവും തദ്ദേശവാസികളുടെ പ്രതിഷേധവുംമൂലം പ്ലാന്റുകൾ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കാൻ കഴിഞ്ഞില്ലായെന്നും സമിതി നിരീക്ഷിക്കുന്നു. കരാർ ഏറ്റെടുക്കുന്ന സ്ഥാപനവുമായി പ്ലാന്റിന്റെ പ്രവർത്തനക്ഷമത, മെയിന്റനൻസ്,**

**ഉപയോഗിക്കുവാനുള്ള പരിശീലനം എന്നിവ സംബന്ധിച്ച് വ്യവസ്ഥകൾ വയ്ക്കേണ്ടതാണെന്നും പ്രസ്തുത വ്യവസ്ഥകൾ പാലിക്കുന്നവർക്കുമാത്രമേ മേലിൽ കരാറുകൾ അനുവദിക്കാവൂയെന്നും സമിതി നിർദ്ദേശിക്കുന്നു.**

**12. പ്രവർത്തനരഹിതമായ മൂന്ന് ബയോഗ്യാസ് പ്ലാന്റുകൾ ഉപയോഗയോഗ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

### 4.3 കൊയ്ത്ത് യന്ത്രത്തിന്മേലുള്ള നിഷ്ഫലമായ ചെലവ്

ഉപയോഗക്ഷമത ഉറപ്പാക്കാതെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയ ₹9.93 ലക്ഷം വിലയുള്ള കൊയ്ത്ത് യന്ത്രം കഴിഞ്ഞ നാലുവർഷമായി തകരാറ് പറ്റിയ നിലയിൽ വെറുതെ കിടക്കുകയാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിക്കുള്ളിലെ നെൽകൃഷിക്കാരുടെ ഉപയോഗത്തിനായി ഒരു കൊയ്ത്ത് യന്ത്രം വാങ്ങാൻ കേരള വികസന പ്ലാൻ 2003-04-ന് കീഴിൽ ഒരു പദ്ധതി അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കി. ₹15 ലക്ഷം അടങ്കൽ തുകയ്ക്ക് 2003 ജൂണിൽ പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകി. റെയ്ഡ്കോയിൽ[4] നിന്നും ₹9.93 ലക്ഷത്തിന് ഒരു കുക്ജെ ശക്തി കമ്പയിൻഡ് കൊയ്ത്തുയന്ത്രം ബ്ലോക്ക് പഞ്ചായത്ത് വാങ്ങി (2004 മാർച്ച്). 72 മണിക്കൂർ മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് യന്ത്രം പ്രവർത്തിപ്പിച്ചത് (2005 ജനുവരിക്കും 2006 ഏപ്രിലിനുമിടയിൽ). 2006 മേയ് മുതൽ അത് പ്രവർത്തനക്ഷമമല്ലാതായി. ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുന്നതിനുള്ള ചെലവ് കൂടുതലായതിനാൽ ചെറിയ നെൽവയലുകളുള്ളതും അവ വിവിധ സ്ഥലങ്ങളിലായി ചിതറിക്കിടക്കുന്നതുമായ അഞ്ചൽ പോലെയുള്ള സ്ഥലത്ത് യന്ത്രം പ്രവർത്തിപ്പിക്കുന്നത് സാമ്പത്തികമായി ലാഭകരമല്ലെന്ന് ഓഡിറ്റിൽ കണ്ടെത്തി. പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്നതിനുമുമ്പായി ബ്ലോക്ക് പഞ്ചായത്ത് സാദ്ധ്യതാപഠനം നടത്തിയതായി തെളിയിക്കുന്ന ഒരു രേഖയും ഉണ്ടായിരുന്നില്ല. സാദ്ധ്യതാപഠനം നടത്തണമെന്നും നിർബന്ധിക്കാതെ ഒരു പതിവ് നടപടിപോലെ ജില്ലാ ആസൂത്രണ സമിതിയും പദ്ധതിക്ക് അംഗീകാരം നൽകി. പദ്ധതിക്ക് അംഗീകാരം നൽകുന്നതിനുമുൻപ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ യന്ത്രം അനുയോജ്യമാണോ എന്നുള്ളത് സാങ്കേതിക ഉപദേശക സമിതിയും ഉറപ്പുവരുത്തിയില്ല. യന്ത്രം വാങ്ങുന്നതിനുമുമ്പ് അതിന്റെ ഉപയോഗക്ഷമത ഉറപ്പുവരുത്തുന്നതിൽ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ ആസൂത്രണ സമിതി, സാങ്കേതിക ഉപദേശക സമിതി എന്നിവർക്കുണ്ടായ പരാജയം കൊയ്ത്ത് യന്ത്രം വാങ്ങുന്നതിന് ചെലവായ ₹9.93 ലക്ഷം ഫലദായകമല്ലാതാകാൻ കാരണമായി.

[4] റീജിയണൽ ആഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ്.

സ്റ്റോർ പർച്ചേസ് നിയമങ്ങളെ മറികടന്നുകൊണ്ടും പ്രദേശത്ത് അതിന്റെ ഉപയോഗക്ഷമത ഉറപ്പുവരുത്താതെയും കൊയ്ത്തുയന്ത്രം വാങ്ങിയത് ക്രമവിരുദ്ധമാണെന്നും പദ്ധതിയുടെ തെറ്റായ നടത്തിപ്പിൽ ഉൾപ്പെട്ട ആൾക്കാർക്കെതിരെ ഉചിതമായ നടപടികൾ എടുക്കുന്നതാണെന്നും സർക്കാർ അറിയിച്ചു (2010 നവംബർ).

(സി ആന്റ് എ.ജി.യുടെ 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

13. ഉപയോഗക്ഷമത ഉറപ്പാക്കാതെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയ ₹9.93 ലക്ഷം വിലയുള്ള കൊയ്ത്ത് യന്ത്രം കേവലം 72 മണിക്കൂർ മാത്രമാണ് പ്രവർത്തിച്ചതെന്നും നാല് വർഷമായി തകരാറ് പറ്റിയ നിലയിൽ വെറുതെ കിടക്കുകയാണെന്നും നിരീക്ഷിച്ച സമിതി ആയത് സംബന്ധിച്ച വിശദീകരണം ആരാഞ്ഞതിന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി റെയ്ഡ്കോ മുഖേന കൊയ്ത്ത് യന്ത്രം വാങ്ങിയെന്നും 72 മണിക്കൂർ മാത്രം പ്രവർത്തിപ്പിച്ചപ്പോൾ തന്നെ കേടുവന്നതിനാൽ തുടർന്ന് പ്രവർത്തിച്ചില്ലെന്നും, 2008-09-ൽ അറ്റകുറ്റപ്പണികൾക്കായി 20,000 രൂപയുടെ അടങ്കൽ കാണിച്ച് പദ്ധതി തയ്യാറാക്കിയെങ്കിലും ഡിപിസിയുടെ അനുമതി ലഭിച്ചില്ലെന്നും ഗ്രാമവികസന അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു.

14. യന്ത്രം റിപ്പയർ ചെയ്തു പ്രവർത്തനക്ഷമമാക്കണമെങ്കിൽ നാല് ലക്ഷംരൂപ ചെലവ് വരുമെന്നും പ്രസ്തുത തുക ചെലവാക്കിയാലും യന്ത്രം പ്രവർത്തിക്കുന്ന കാര്യത്തിൽ ഗ്യാരന്റിയില്ലാത്തതിനാൽ ലേലം ചെയ്യാനായി ജില്ലാ പഞ്ചായത്ത് തീരുമാനമെടുത്ത് സർക്കാരിലേക്ക് പ്രൊപ്പോസൽ കൊടുത്തിട്ടുണ്ടെന്നും ഗ്രാമവികസന അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ സമിതിയിൽ വ്യക്തമാക്കി.

15. കേരളത്തിൽ കാർഷികാവശ്യത്തിനായി മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്ന ആധുനികമായ ഹൈടെക് ഉപകരണങ്ങൾ കൃത്യമായി പ്രവർത്തിപ്പിക്കുവാനോ അറ്റകുറ്റപ്പണി ചെയ്യുവാനോ അറിയാവുന്നവർ കൃഷിവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലോ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് വിഭാഗത്തിലോ ഇല്ലെന്ന് സമിതി വിലയിരുത്തി. ഇപ്പോൾ വൻതുക ചെലവാക്കി അറ്റകുറ്റപ്പണി ചെയ്താലും പ്രവർത്തനക്ഷമതയെക്കുറിച്ച് ഉറപ്പില്ലായെന്ന് വിലയിരുത്തിയ സമിതി, യന്ത്രം കേടായ സമയത്തുതന്നെ കാലതാമസംകൂടാതെ കൈമാറ്റം ചെയ്യുകയോ അറ്റകുറ്റപ്പണി ചെയ്യുവാൻ കഴിയുന്നവരുടെ സഹായത്തോടെ ശരിയാക്കുകയോ ചെയ്യേണ്ടതായിരുന്നുവെന്ന് അഭിപ്രായപ്പെട്ടു.

16. അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യത്തിനനുസരിച്ചുള്ള യന്ത്രമല്ലാത്തതിനാൽ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മാറ്റാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് കേടായതിനുശേഷം യന്ത്രം മാറ്റാനുള്ള സംവിധാനമില്ലെന്ന് എ.ഡി.സി. സമിതിയെ അറിയിച്ചു.

17. ആവശ്യമായ സാധ്യതാപഠനം നടത്താതെ ₹9.93 ലക്ഷം ചെലവാക്കി കൊയ്ത്തുയന്ത്രം വാങ്ങുകയും കേവലം 72 മണിക്കൂർ മാത്രം പ്രവർത്തിച്ച് കേടായ സമയത്ത് 20,000 രൂപയ്ക്ക് റിപ്പയർ ചെയ്യാനുള്ള സാധ്യത ഉണ്ടായിരിക്കെ അതിൽ കാലതാമസം വരുത്തി 4 ലക്ഷം രൂപ ചെലവാക്കി റിപ്പയർ ചെയ്താലും ഉപയോഗിക്കാമെന്ന് ഉറപ്പില്ലാത്ത അവസ്ഥയിലെത്തിക്കുകയും ചെയ്തതിനുത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും യന്ത്രം സംബന്ധിച്ച് കൂടുതൽ നഷ്ടം വരാത്ത നിലയിൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

18. **കാർഷികാവശ്യങ്ങൾക്കായി വാങ്ങുന്ന ആധുനിക ഹൈടെക് യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാനും അറ്റകുറ്റപ്പണികൾ ചെയ്യുവാനും യോഗ്യമായ സാങ്കേതിക പരിജ്ഞാനമുള്ളവരുടെ സേവനം കൃഷിവകുപ്പിൽ ലഭ്യമാക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.**

19. **ഉപയോഗക്ഷമത സംബന്ധിച്ച് പഠനം നടത്താതെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ കൊയ്ത്തു മെതിയന്ത്രം വാങ്ങിയതിനും തകരാറിലായ യന്ത്രം യഥാസമയം കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കുന്നതിൽ വീഴ്ച വരുത്തിയതിനും ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടിയും കൊയ്ത്തുമെതിയന്ത്രം സംബന്ധിച്ച് കൂടുതൽ നഷ്ടം വരാത്ത നിലയിൽ ഉപയോഗയോഗ്യമാക്കുവാനോ കൈമാറാനോ സ്വീകരിച്ച നടപടിയും സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**4.4 തെറ്റായ താരിഫ് ബാധകമാക്കിയതു കാരണം തെരുവ് വിളക്കുകൾക്ക് അടയ്ക്കേണ്ടിവന്ന അധികം തുക.**

മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ സോഡിയം വേപ്പർ വിളക്കുകൾക്ക് തെറ്റായ താരിഫ് ബാധകമാക്കുക വഴി ₹16.52 ലക്ഷം തെരുവ് വിളക്കുകളുടെ ചാർജ്ജിനത്തിൽ അധികമായി അടയ്ക്കേണ്ടിവന്നു.

കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ 2002-ലെ ലോ ടെൻഷൻ പബ്ളിക് ലൈറ്റിങ് താരിഫ് ഓർഡർ (2002 ഒക്ടോബർ ഒന്ന് മുതൽ പ്രാബല്യം) പ്രകാരം ഒരു ദിവസം 12 മണിക്കൂർ കത്തുന്ന സോഡിയം വേപ്പർ വിളക്കിന് അടയ്ക്കേണ്ടുന്ന പ്രതിമാസ തെരുവ് വിളക്ക് നിരക്ക് ഒരു 250 വാട്ട് സോഡിയം വേപ്പർ വിളക്കിന് ₹100-ഉം, ഒരു 250 വാട്ട് സെമി ഹൈ മാസ്റ്റിലുള്ള സോഡിയം വേപ്പർ വിളക്കിന് ₹375-ഉം ആണ്.

മൂന്ന് ഗ്രാമപഞ്ചായത്തുകൾ[5] 2002 ഒക്ടോബർ മുതൽ 2010 മാർച്ച് വരെയുള്ള സമയത്ത് അടച്ച തെരുവ് വിളക്ക് ചെലവിന്റെ ലാക്ഷണിക പരിശോധനയിൽ സോഡിയം വേപ്പർ വിളക്കുകൾക്ക് ബാധകമായിട്ടുള്ള ഒരു വിളക്കിന് ₹100 എന്ന നിരക്കിനുപകരം സെമി ഹൈ മാസ്റ്റിലുള്ള സോഡിയം വേപ്പർ വിളക്കുകൾക്ക് ബാധകമായ ഒരു വിളക്കിന് ₹375 എന്ന കൂടിയ നിരക്കിലാണ് പ്രതിമാസ വൈദ്യുത നിരക്കുകൾ ഈടാക്കുന്നതും അടയ്ക്കുന്നതുമെന്ന് വെളിപ്പെട്ടു. ഇത് മൂന്ന് ഗ്രാമപഞ്ചായത്തുകളിലുംകൂടി തെരുവ് വിളക്ക് ചെലവായി ₹16.52 ലക്ഷം അധികം അടയ്ക്കുന്നതിന് കാരണമായി.

ഒരു നീണ്ട കാലയളവിൽ ഗ്രാമപഞ്ചായത്തുകൾ അധിക വൈദ്യുതി നിരക്ക് അടച്ചുകൊണ്ടിരുന്നത് കാണിക്കുന്നത് ഗ്രാമപഞ്ചായത്തുകളുടെ ആന്തരിക നിയന്ത്രണ സംവിധാനത്തിലെ പാളിച്ചയെയാണ്. ഇൻവോയിസ് കാർഡുകളും തെരുവ് വിളക്കുകളുടെ താരിഫ് നിരക്കും തമ്മിൽ കൃത്യസമയത്ത് ഒത്തു നോക്കിയിരുന്നെങ്കിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ആവശ്യപ്പെട്ട അധിക നിരക്കുകൾ തിരിച്ചറിയാൻ ഗ്രാമപഞ്ചായത്തിന് കഴിയുമായിരുന്നു.

പരിഹാര നടപടികൾ എടുക്കുന്നതിനു വേണ്ടി കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി ഈ വിഷയം ഏറ്റെടുത്തിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2010 ഒക്ടോബർ).

(സി ആന്റ് എ.ജി.യുടെ 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

20. മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ സോഡിയം വേപ്പർ ലാമ്പുകൾക്ക് തെറ്റായ താരിഫ് ബാധകമാക്കിയതുകാരണം 16.52 ലക്ഷം രൂപ അധികമായി വൈദ്യുതി ചാർജ്ജിനത്തിൽ അടയ്ക്കേണ്ടി വന്നെന്നുള്ള ഓഡിറ്റ് പരാമർശത്തിൻമേൽ സമിതി വിശദീകരണം ആരാഞ്ഞതിന് പ്രസ്തുത വീഴ്ച ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കെ.എസ്.ഇ.ബി.ക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ അധികമായി ഈടാക്കിയ മുഴുവൻ തുകയും പഞ്ചായത്തിന്റെ തുടർന്നുള്ള ബില്ലുകളിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്ന് തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും സമിതിയെ അറിയിച്ചു

---

[5] തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് (₹2.60 ലക്ഷം), പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് (₹8.58 ലക്ഷം), ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് (₹5.34 ലക്ഷം)

21. പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് അധികമായി അടച്ച തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് ആയത് സംബന്ധിച്ച നടപടികൾ പൂർത്തിയാക്കി ഒരാഴ്ചയ്ക്കകം റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

22. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആന്തരിക നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മകൾകാരണം മൂന്ന് ഗ്രാമപഞ്ചായത്തുകൾ വൈദ്യുതിചാർജിനത്തിൽ അധികം തുക നൽകേണ്ടിവരികയും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുന്നതുവരെ ഇക്കാര്യങ്ങളൊന്നും അറിയാതിരിക്കുകയും ചെയ്തത് സമിതി ഗൗരവമായി വീക്ഷിക്കുകയും ഇത്തരം പ്രവണത ആവർത്തിക്കാതിരിക്കാനും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഈ പോരായ്മ കാണാൻ സാദ്ധ്യതയുള്ളതിനാൽ ആയത് സംഭവിക്കാതിരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് ആവശ്യപ്പെടുകയും അപ്രകാരം ചെയ്യാമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി ഉറപ്പ് നൽകുകയും ചെയ്തു.

## നിഗമനങ്ങൾ/ശിപാർശകൾ

**23. തവിഞ്ഞാൽ, പുൽപ്പള്ളി, ചെങ്ങോട്ടുകാവ് എന്നീ ഗ്രാമപഞ്ചായത്തുകൾ സോഡിയം വേപ്പർ തെരുവുവിളക്കുകളുടെ പ്രതിമാസ വൈദ്യുത നിരക്കിനത്തിൽ അധികമായി അടച്ചതുക, കെ.എസ്.ഇ.ബി.യിൽ ക്രമവത്ക്കരിച്ചത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**24. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആന്തരിക നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മകൾ കാരണമാണ് മേല്പറഞ്ഞ മൂന്ന് ഗ്രാമപഞ്ചായത്തുകൾ വൈദ്യുതി ചാർജ്ജിനത്തിൽ അധികം തുക നല്കേണ്ടിവരികയും ഓഡിറ്റ് ചൂണ്ടിക്കാണിക്കുന്നതുവരെ ശ്രദ്ധയിൽപ്പെടാതെ പോകുകയും ചെയ്തതെന്ന് സമിതി നിരീക്ഷിക്കുന്നു. ഇത്തരം പോരായ്മ സംസ്ഥാനത്തെ മറ്റു തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലുമുണ്ടാകാനുള്ള സാധ്യത സമിതി കാണുന്നു. ആയതിനാൽ, ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും ആവർത്തിക്കാതിരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

### 4.5 വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്മേൽ നടത്തിയ ഫലദായകമല്ലാത്ത നിക്ഷേപം

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ₹29.33 ലക്ഷം ചെലവാക്കി എട്ടു വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാതിരുന്നതിനാൽ ₹44.10 ലക്ഷം കേന്ദ്രസഹായം ലാപ്സായതിനു പുറമെ ലക്ഷ്യം നിറവേറ്റപ്പെടാതിരിക്കാനും കാരണമായി.

ഭാരത സർക്കാരിന്റെ 'ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്കായി ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സഹായം' എന്ന പദ്ധതിയുടെ കീഴിൽ 210 സ്ത്രീകളെ പാർപ്പിക്കുന്നതിനായി മാങ്കാവിൽ ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ (1992-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള അടങ്കൽ തുക ₹80 ലക്ഷം) നിർമ്മാണം കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ഏറ്റെടുത്തു. ഭാരത സർക്കാർ അനുവദിച്ച (1995-96) ₹63 ലക്ഷം ഗ്രാന്റ്-ഇൻ-എയ്ഡിൽ നിന്നും ₹18.90 ലക്ഷം മുനിസിപ്പൽ കോർപ്പറേഷനു ലഭിച്ചു (1996 ജൂൺ). ഈ ജോലിക്കായി ഹഡ്കോയിൽ [6] നിന്നും ₹23.33 ലക്ഷം വായ്പയും മുനിസിപ്പൽ കോർപ്പറേഷൻ പ്രയോജനപ്പെടുത്തി (1998 ജൂലൈയിലും, 1998 ഒക്ടോബറിലും).

കെട്ടിടത്തിന്റെ നിർമ്മാണത്തിന് മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ ഡയറക്ടർ ഭരണാനുമതി നൽകുകയും (1996 മേയ്) വിശാല കൊച്ചി വികസന അതോറിറ്റി സൂപ്രണ്ടിംഗ് എൻജിനീയർ സാങ്കേതികാനുമതി നൽകുകയും ചെയ്തു (1996 ജൂൺ). ഒരു വർഷം കൊണ്ട് പൂർത്തിയാക്കണം എന്ന നിബന്ധനയോടുകൂടി അംഗീകരിച്ച പിഎസിയായ [7] ₹1.36 കോടി ഒരു സംസ്ഥാന സർക്കാർ സംരംഭമായ മെസ്സേഴ്സ് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ (കെഎസ്സിസി) ജോലി ഏൽപ്പിച്ചു (1997 ആഗസ്റ്റ്). മുനിസിപ്പൽ കോർപ്പറേഷൻ 1997 സെപ്റ്റംബറിൽ കെഎസ്സിസി-ക്ക് സ്ഥലം കൈമാറിയെങ്കിലും, 2000 ജനുവരി വരെ കെഎസ്സിസി-ക്ക് പ്രവൃത്തി നിർവ്വഹിക്കാൻ കഴിഞ്ഞില്ല. നിലവിലുള്ള ഡിസ്പെൻസറി കെട്ടിടം പൊളിച്ചുമാറ്റുന്നതും കൂടി ഉൾപ്പെട്ടതിനാൽ ഹോസ്റ്റൽ നിർമ്മാണത്തിനെതിരെ ഒരു കൂട്ടം വ്യക്തികൾ കേസ് ഫയൽ ചെയ്തു. കെഎസ്സിസി നിരക്കുകളിൽ വർദ്ധന ആവശ്യപ്പെടുകയും (2000 മേയ്) ജോലി പൂർത്തീകരിക്കുന്നതിന് സമയം നീട്ടിക്കൊടുക്കാൻ അപേക്ഷിക്കുകയും ചെയ്തു. മുനിസിപ്പൽ കോർപ്പറേഷൻ നിരക്ക് വർദ്ധന പരിഗണിച്ചില്ലെങ്കിലും പൂർത്തിയാക്കാനുള്ള സമയം 2002 ജൂൺ വരെ നീട്ടിക്കൊടുത്തു (2001 ഒക്ടോബർ). താഴത്തെ നിലയുടെയും ഒന്നാം നിലയുടെ ഒരു ഭാഗത്തിന്റെയും ആർസിസി ജോലികൾ കെഎസ്സിസി പൂർത്തീകരിച്ചതിനുശേഷം കെഎസ്സിസിയും അവരുടെ സബ്കോൺട്രാക്ടറും തമ്മിലുള്ള കേസിനെ തുടർന്ന് ജോലി നിർത്തിവച്ചു. 2006 നവംബർ വരെ കെഎസ്സിസി ജോലി പുനരാരംഭിച്ചില്ല. പൂർത്തിയാക്കുന്നതിനായി നീട്ടിക്കൊടുത്ത സമയത്തിനുള്ളിൽ ജോലി പൂർത്തികരിക്കാൻ കെഎസ്സിസി ബാദ്ധ്യസ്ഥരായിരുന്നെങ്കിലും മുനിസിപ്പൽ കോർപ്പറേഷൻ അവർക്കെതിരെ യാതൊരു നടപടിയും എടുത്തില്ല. കെട്ടിടം ഇപ്പോഴും അപൂർണ്ണമായി തുടരുന്നു (2011 ഫെബ്രുവരി). 2002 മേയ് വരെ കെഎസ്സിസിക്ക് നൽകിയത് ₹18.95 ലക്ഷം ആണ്.

---

[6] മെസ്സേഴ്സ് ഹൗസിങ്ങ് ആന്റ് അർബൻ ഡെവലപ്മെന്റ് കോർപ്പറേഷൻ.

[7] പ്രോബബിൾ എമൗണ്ട് ഓഫ് കോൺട്രാക്ട്.

ഹഡ്കോയിൽനിന്നും സ്വീകരിച്ച വായ്പയുടെ പലിശയിനത്തിൽ ₹10.38 ലക്ഷം മുനിസിപ്പൽ കോർപ്പറേഷൻ അടച്ചു (1997 ഏപ്രിൽ- 2002 ജൂൺ).

ഒരുപക്ഷേ ജോലി നിർത്തിവച്ചതുകൊണ്ടാകാം ബാക്കിയുള്ള ഗഡുക്കൾ വിട്ടുകിട്ടുന്നതിനായി മുനിസിപ്പൽ കോർപ്പറേഷൻ ഭാരത സർക്കാരിനോട് അപേക്ഷയൊന്നും നടത്തിയില്ല. ഇത് ഭാരത സർക്കാർ സഹായമായ ₹44.10 ലക്ഷം നഷ്ടപ്പെടുന്നതിനിടയാക്കി. പദ്ധതി പൂർത്തിയാക്കുന്നതിൽ വന്ന ക്രമാതീതമായ കാലതാമസം ഒരു ഭാരത സർക്കാർ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നത് നിരീക്ഷിക്കാൻ സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള ആന്തരിക നിയന്ത്രണ സംവിധാനം ദുർബലമാണ് എന്നാണ് സൂചിപ്പിക്കുന്നത്.

2002 ജൂണിൽ കെഎസ്‌സിസിയുമായുള്ള കരാർ അവരുടെ ചെലവിലും ബാദ്ധ്യതയിലും അവസാനിപ്പിക്കുന്നതിൽ മുനിസിപ്പൽ കോർപ്പറേഷന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച ₹29.33 ലക്ഷത്തിന്റെ ചെലവ് എട്ട് വർഷത്തിലധികമായി ഫലദായകമല്ലാതെ കിടക്കാൻ കാരണമായി. തത്ഫലമായി ഹോസ്റ്റൽ കെട്ടിടത്തിന്റെ ഗുണം ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് ലഭ്യമാക്കാൻ കഴിഞ്ഞില്ല. ഇക്കാര്യം 2010 ജൂലൈയിൽ സർക്കാരിനെ അറിയിച്ചു; മറുപടി ലഭ്യമായിട്ടില്ല (2011 മേയ്).

(സി ആന്റ് എ.ജി.യുടെ 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

25. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണത്തിനായി 29.33 ലക്ഷം രൂപ ചെലവാക്കി എട്ട് വർഷം കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാക്കാതിരുന്നതിനാൽ 44.10 ലക്ഷം രൂപയുടെ കേന്ദ്ര സഹായം നഷ്ടമായെന്നും ലക്ഷ്യം നിറവേറ്റപ്പെടാതിരുന്നു എന്നുമുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന് കോഴിക്കോട് കോർപ്പറേഷനിലെ മാങ്കാവിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 82 ലക്ഷം രൂപ അടങ്കലുള്ള പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അടങ്കൽ നിരക്കിൽ നിന്ന് 69% അധിക നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കുകയും പൈലിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുകയും പ്രവൃത്തികൾക്കായി ₹18,95,201 കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകുകയും ചെയ്തുവെന്നും എന്നാൽ കെഎസ്‌സിസിയും അവരുടെ തന്നെ സബ്കോൺട്രാക്ടറും തമ്മിലുള്ള കേസിന്റെ ഫലമായി പിന്നീട് പ്രവൃത്തി നിന്നു പോവുകയാണുണ്ടായതെന്നും കോഴിക്കോട് കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു

26. കെഎസ്സിസി പിന്നീട് 2004-ലെ എസ്.ഒ.ആർ. അനുസരിച്ച് 22% അധിക നിരക്ക് നൽകണമെന്നുള്ള ആവശ്യമുന്നയിച്ചെങ്കിലും നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത ആവശ്യം നഗരസഭ അനുവദിച്ചില്ലെന്നും ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എസ്.ഒ.ആർ. 2010 പ്രകാരം ടി പ്രവൃത്തിക്ക് കെഎസ്സിസി ചെയ്തുതീർത്ത പ്രവൃത്തിക്കുള്ള മൂല്യം ഒഴിവാക്കിയാലുള്ള നഷ്ടമായ ₹3,06,65,330 കെഎസ്സിസിയിൽ നിന്നും ഈടാക്കാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കാൻ അവസാന അറിയിപ്പ് നൽകിയെങ്കിലും മറുപടി തൃപ്തികരമല്ലാത്തതിനാൽ 20-11-2012-ലെ 59-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം കെഎസ്സിസിയുമായി ഒപ്പ് വച്ച കരാർ റദ്ദാക്കുകയും നഷ്ടം ഈടാക്കുന്നത് സംബന്ധിച്ച തീരുമാനം ഹൈപവർ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയുണ്ടാണുണ്ടായതെന്നും എന്നാൽ ഹൈപവർ കമ്മിറ്റിയിൽ തീരുമാനമൊന്നുമുണ്ടായില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കെട്ടിടം നിർമ്മിക്കാനുദ്ദേശിച്ച സ്ഥലത്തുണ്ടായിരുന്ന ഡിസ്പെൻസറി കെട്ടിടം പൊളിച്ചുമാറ്റുന്നതുമായി ബന്ധപ്പെട്ടാണോ ഹോസ്റ്റൽ നിർമ്മാണം വൈകിയതെന്ന സമിതിയുടെ ചോദ്യത്തിന് അക്കാര്യത്തിൽ കാലതാമസമുണ്ടായതായി കാണുന്നില്ല എന്ന് കോർപ്പറേഷൻ സെക്രട്ടറി മറുപടി നല്കി.

27. കോഴിക്കോട് കോർപ്പറേഷൻ 2012-13, 2013-14 എന്നീ വർഷങ്ങളിൽ വനിതാ ക്ഷേമപദ്ധതിയിൽ ഉൾപ്പെടുത്തി ബഹുവർഷ പ്രോജക്ടായി വനിതാ ഹോസ്റ്റൽ നിർമ്മാണത്തിനായി രണ്ടരക്കോടി രൂപ വകയിരുത്തുകയും ആയതിന് സാങ്കേതികാനുമതി ലഭിക്കുകയും ആയതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുകയുമാണെന്നും കോഴിക്കോട് കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയിൽ വ്യക്തമാക്കി.

28. 2006 നവംബറിൽ കരാർ റദ്ദ് ചെയ്യാൻ സ്റ്റാന്റിംഗ് കൗൺസിൽ നിയമോപദേശം നൽകിയെങ്കിലും സർക്കാർ ഉത്തരവിനായി കോർപ്പറേഷൻ കത്ത് അയയ്ക്കുന്നതിൽ നാല് വർഷത്തെ കാലതാമസം വരുത്തിയതിന്റെ കാരണം ആരാഞ്ഞതിനും കെഎസ്സിസി വരുത്തിയ വീഴ്ച, കോർപ്പറേഷൻ സ്റ്റാന്റിംഗ് കൗൺസിലിന്റെ തീരുമാനം നടപ്പിലാക്കൽ, കോർപ്പറേഷന് നഷ്ടപ്പെട്ട പണം എന്നിവ സംബന്ധിച്ച് ആരാഞ്ഞതിനും കോർപ്പറേഷൻ സെക്രട്ടറി യാതൊരു മറുപടിയും നൽകിയില്ല.

29. കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ നിന്നും നഷ്ടം ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് ഷെഡ്യൂൾ നിരക്കിൽ കാലാനുസൃതമായിവന്ന വർദ്ധനവ് ഉൾപ്പെടുത്തിക്കൊണ്ടാണ് നഷ്ടതുക നിശ്ചയിച്ചിട്ടുള്ളതെന്ന് കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി ഉത്തരം നൽകി.

30. പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി ഹഡ്കോയിൽ നിന്നും വായ്പയെടുത്ത 23.33 ലക്ഷം രൂപയുടെ പലിശ കോർപ്പറേഷന്റെ തനത് ഫണ്ടിൽനിന്നും അടയ്ക്കുന്നതുവഴി കോർപ്പറേഷന് നഷ്ടം ഉണ്ടാകുകയാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത തുകയുടെ കണക്ക് സമിതിക്ക് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. കെഎസ്‌സിസി എത്രമാത്രം പണി പൂർത്തിയാക്കി, പണിതുടരുവാൻ എന്ത് നടപടി സ്വീകരിച്ചു, കെഎസ്‌സിസിയിൽ നിന്നും നഷ്ടം ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ, കോർപ്പറേഷന് എത്ര രൂപ നഷ്ടമുണ്ടായിട്ടുണ്ട്, പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ടോ, കേന്ദ്രഫണ്ട് നഷ്ടപ്പെടുത്തിയതിന് ഉത്തരവാദികളായവർ ആരാണ്, ആയിനത്തിൽ എത്ര തുക നഷ്ടപ്പെടുത്തി എന്നിവ സംബന്ധിച്ചുമുള്ള വിശദവിവരങ്ങൾ സമിതിക്ക് ലഭ്യമാക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

31. വിമൻസ് ഹോസ്റ്റലിന്റെ പണി സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടി ഉണ്ടാകണമെന്നും പണി പൂർത്തീകരിക്കുന്നതിലുണ്ടായ വീഴ്ച സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ച സമിതി പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് സന്ദർശനം നടത്താൻ തീരുമാനിച്ചു. ഇതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ടീമിന്റെ അന്വേഷണ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

32. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ മാങ്കാവ് എന്ന സ്ഥലത്ത് കേന്ദ്ര സർക്കാർ സഹായത്തോടെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കാൻ പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ഏതാണ്ട് 29.33 ലക്ഷം രൂപ ചെലവഴിച്ചതിനുശേഷം നാളിതുവരെ പദ്ധതി പൂർത്തിയാക്കാത്തതുമൂലം ടി തുക ഫലദായകമല്ലാത്ത നിക്ഷേപമായി മാറുകയും, കേന്ദ്ര സർക്കാർ സഹായമായ 44.10 ലക്ഷം രൂപ ലാപ്സായി പോകുന്നതിനും കാരണമായതായി അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ കണ്ടെത്തുകയും, ആയത് 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) ഉൾപ്പെടുകയും ചെയ്തു. പ്രസ്തുത ഓഡിറ്റ് പരാമർശവും, അതിന്മേൽ കോഴിക്കോട് കോർപ്പറേഷൻ സമർപ്പിച്ച തുടർ നടപടിക്കുറിപ്പും പരിശോധിച്ച ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി, വിശദമായ അന്വേഷണം സർക്കാർ തലത്തിൽ നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ അന്വേഷണം നടത്തിയത്.

അന്വേഷണ രീതി

33. കോഴിക്കോട് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്നിവിടങ്ങളിലെ ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിക്കുകയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവ് ശേഖരിച്ചും ഹോസ്റ്റൽ നിലനില്ക്കുന്ന സ്ഥലം സന്ദർശിച്ചുമാണ് അന്വേഷണ സംഘം ആവശ്യമായ വിവരങ്ങൾ ശേഖരിച്ചത്.

34. <u>വനിതാ ഹോസ്റ്റൽ പദ്ധതിയുടെ വിശദാംശങ്ങൾ:</u> 1995-96-ൽ കോഴിക്കോട് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന മാങ്കാവ് എന്ന സ്ഥലത്ത് നാല് നിലകളിലായി 3278 ച.മീ. തറ വിസ്തീർണ്ണം വരുന്ന വനിതാ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് തീരുമാനമെടുക്കുകയുണ്ടായി. താരതമ്യേന കുറഞ്ഞ വരുമാനക്കാരായ തൊഴിലെടുക്കുന്ന സ്ത്രീകൾക്കായി കുറഞ്ഞ ചെലവിൽ നഗരപ്രാന്തത്തിൽ താമസ സൗകര്യമൊരുക്കുന്നതിനായി കേന്ദ്ര സഹായമായ 63 ലക്ഷം രൂപയുടെ ഗ്രാന്റും കെ.യു.ഡി.എഫ്.സി. വഴി ഹഡ്കോ നല്കുന്ന 90 ലക്ഷം രൂപയുടെ വായ്പയും വഴിയാണ് പദ്ധതിക്കാവശ്യമായ തുക കണ്ടെത്താനുദ്ദേശിച്ചിരുന്നത്. 1992 വർഷത്തെ schedule of rate അടിസ്ഥാനമാക്കി 80,64,140 രൂപയുടെ എസ്റ്റിമേറ്റാണ് പദ്ധതിക്കുണ്ടായിരുന്നത്. എസ്റ്റിമേറ്റിന്റെ 69% അധികരിച്ച തുകയ്ക്ക് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മാണ കരാർ എടുക്കുകയും 30-8-1997-ൽ കോഴിക്കോട് കോർപ്പറേഷനും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനും തമ്മിൽ എഗ്രിമെന്റിൽ ഏർപ്പെടുകയുണ്ടായി (എഗ്രിമെന്റ് നമ്പർ 255/97-98). ഒരു വർഷത്തിനുള്ളിൽ അതായത് 30-8-1998-നുള്ളിൽ പണി പൂർത്തിയാക്കണമെന്നായിരുന്നു എഗ്രിമെന്റ്. പ്രവൃത്തിക്കാവശ്യമായ ഡ്രോയിംഗും, സ്പെസിഫിക്കേഷനും പിന്നീട് തയ്യാറാക്കുന്നതാണെന്ന് പ്രസ്തുത എഗ്രിമെന്റിൽ സൂചിപ്പിച്ചിട്ടുള്ളതാണ്.

35. 29-9-1997-ൽ പ്രോജക്ട് സൈറ്റ്, കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറി നല്കുകയുണ്ടായി. എന്നാൽ പ്രോജക്ട് സൈറ്റിൽ നിന്നിരുന്ന മരങ്ങളും മറ്റും മുറിച്ചു നീക്കി പ്രവൃത്തികൾ ആരംഭിക്കത്തക്കവിധം സ്ഥലമൊരുക്കിയത് 18-11-1997-നാണ്. എന്നാൽ കോർപ്പറേഷൻ വനിതാ ഹോസ്റ്റൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലവും അതിലുൾപ്പെട്ടിരിക്കുന്ന ഡിസ്പെൻസറിയും കോർപ്പറേഷന് സ്വമേധയാ വിട്ടുനല്കിയത് സാമൂതിരി രാജകുടുംബത്തിലെ അംഗമായിരുന്ന ശ്രീ. റാവു ബഹദൂർ നെടുങ്ങാടി എന്നയാളായിരുന്നുവെന്നും നാട്ടിലെ പാവപ്പെട്ട ജനങ്ങൾക്ക് ആതുര ശുശ്രൂഷ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കോർപ്പറേഷന് വിട്ടുനല്കിയ സ്ഥലവും സ്ഥാപനവും മറ്റൊരാവശ്യത്തിനായി വിനിയോഗിക്കുവാനുള്ള കോർപ്പറേഷന്റെ നീക്കം തടയണമെന്നും, ഡിസ്പെൻസറി നിലനിർത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ടി.വി. മാധവൻ നായർ എന്ന വ്യക്തി കോഴിക്കോട് രണ്ടാം മുൻസിഫ് കോടതിയിൽ ഹർജി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഹർജിയിൽ (ഒ.എസ്.നമ്പർ 1045/97, IA 6135/97)യിൽ ഉണ്ടായ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നിർത്തി വയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 9-12-1997-ൽ കോഴിക്കോട് കോർപ്പറേഷൻ കൺസ്ട്രക്ഷൻ കോർപ്പറേഷന് കത്തു നല്കുകയും പ്രവൃത്തി നിർത്തി വെയ്ക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിനെതിരെ കോർപ്പറേഷൻ നല്കിയ അപ്പീൽ അനുവദിക്കാതിരുന്നതിനെ തുടർന്ന് പ്രവൃത്തി ഇനിയറിയിപ്പുണ്ടാകുന്നതുവരെ നിർത്തി വെയ്ക്കുവാൻ 14-8-1998-ലെ

കത്ത് മുഖാന്തിരം കോർപ്പറേഷൻ കൺസ്ട്രക്ഷൻ കോർപ്പറേഷനെ അറിയിക്കുകയുണ്ടായി. തുടർന്ന് കോടതിയിൽ നിൽക്കുന്ന വ്യവഹാരത്തിന് എന്തു സംഭവിച്ചുവെന്നതു സംബന്ധിച്ച് യാതൊരു രേഖകളും കോർപ്പറേഷൻ ഫയലിൽ കാണാനില്ല. പ്രവൃത്തി പുനരാരംഭിക്കുവാൻ കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നല്കിയതായി കോഴിക്കോട് കോർപ്പറേഷൻ അവകാശപ്പെടുന്നുവെങ്കിലും അത് സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. എന്നാൽ കോഴിക്കോട് രണ്ടാം മുൻസിഫ് കോടതിയിൽ നിലനിന്നിരുന്ന ഒ.എസ്.നമ്പർ 1045/97-ൽ 2-4-1998-ൽ ഉണ്ടായ ഉത്തരവ് അനുസരിച്ച്, നിലവിലുള്ള ഡിസ്പെൻസറി കെട്ടിടം പൊളിച്ചു നീക്കാതെ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുവാദം ലഭിച്ചതായി കാണുന്നുണ്ട്.

36. എന്നാൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രവൃത്തി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുകയോ പ്രവൃത്തി തുടരാനുള്ള നിർദ്ദേശം കോർപ്പറേഷൻ നല്കുകയോ ചെയ്തിട്ടില്ല. 22-5-2000-ൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിരക്കു വർദ്ധന ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത അപേക്ഷയിൽ കോഴിക്കോട് കോർപ്പറേഷൻ 17-12-2002 വരെ യാതൊരു തീരുമാനവും എടുക്കുകയുണ്ടായില്ല. കോർപ്പറേഷൻ പദ്ധതി കൈകാര്യം ചെയ്യുന്ന ഫയൽ കുറിപ്പുകൾ 17-12-2002-നു ശേഷം തുടരുന്നത് 2008 സെപ്റ്റംബർ മാസത്തിലാണ്. കൺസ്ട്രക്ഷൻ കോർപ്പറേഷനും അവരുടെ സബ് കോൺട്രാക്ടറായ ശ്രീ. ധർമ്മരാജനും തമ്മിൽ കോഴിക്കോട് സബ് കോടതിയിൽ നടന്ന് വന്നിരുന്ന ഒ.എസ്.നമ്പർ 14/2001 ഹർജിയുടെ ആവശ്യത്തിലേക്കായി കോടതി നിർദ്ദേശ പ്രകാരം സമർപ്പിച്ചിരിക്കുകയായിരുന്നുവെന്ന് 2008 സെപ്റ്റംബറിന് ശേഷമുള്ള കുറിപ്പിൽ രേഖപ്പെടുത്തി കാണുന്നു.

37. 2008-ൽ ടി ഫയൽ കോർപ്പറേഷനിൽ തിരികെ ലഭിച്ചതിനുശേഷം നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കണമെങ്കിൽ 2004-ലെ Schedule of rate-ന്റെ 22% അധികരിച്ച തുക അനുവദിക്കണമെന്ന് കാണിച്ച് 20-11-2006-ൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ കോഴിക്കോട് കോർപ്പറേഷന് കത്ത് നല്കി. പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ, കോർപ്പറേഷൻ സ്റ്റാന്റിംഗ് കൗൺസിലിന്റെ നിയമോപദേശം ആരായുകയും പ്രവൃത്തിയുടെ കരാർ റദ്ദ് ചെയ്ത് കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ റീ ടെണ്ടർ ചെയ്യുന്നതിന് ഉപദേശം ലഭിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം റീ ടെണ്ടർ ചെയ്യുന്നതിന് സർക്കാരിന്റെ അനുവാദം കോർപ്പറേഷൻ നേടിയിട്ടുമുണ്ട്. അപ്രകാരം നിലവിലുള്ള കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കോഴിക്കോട് കോർപ്പറേഷൻ കണക്കാക്കിയതു പ്രകാരം 3,06,65,330 രൂപ റീ ടെണ്ടർ ചെയ്യാതിരിക്കുവാൻ വല്ല കാരണവുമുണ്ടെങ്കിൽ ആയതു ബോധിപ്പിക്കുവാൻ 9-11-2011-ന് കൺസ്ട്രക്ഷൻ കോർപ്പറേഷന് കത്തു നല്കുകയും ഇതു സംബന്ധിച്ച് കത്തിടപാടുകൾ കോർപ്പറേഷനും കൺസ്ട്രക്ഷൻ കോർപ്പറേഷനും തമ്മിൽ നടന്നുകൊണ്ടിരിക്കുകയുമാണ്. ഇതിനിടയിൽ കോഴിക്കോട് കോർപ്പറേഷനും കൺസ്ട്രക്ഷൻ കോർപ്പറേഷനും തമ്മിലുണ്ടായിരിക്കുന്ന

തർക്കം തീർപ്പാക്കുന്നതിനായി സർക്കാർ ഡിപ്പാർട്ട്മെന്റുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവ തമ്മിലുടലെടുക്കുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിന് രൂപീകൃതമായ ഹൈ പവർ കമ്മിറ്റിയുടെ മുമ്പാകെ ഈ വിഷയം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഹൈ പവർ കമ്മിറ്റിയുടെ തീരുമാനമൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. 20-11-2012-ൽ ചേർന്ന കൗൺസിൽ യോഗം, കൺസ്ട്രക്ഷൻ കോർപ്പറേഷനും കോഴിക്കോട് കോർപ്പറേഷനും തമ്മിലുണ്ടാക്കിയ കരാർ കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ റിസ്ക് കോസ്റ്റിൽ റദ്ദ് ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ വനിത ഘടക പദ്ധതിയിലുൾപ്പെടുത്തി പദ്ധതി പൂർത്തിയാക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

പദ്ധതിയുടെ സാമ്പത്തിക വിശകലനം

| | |
|---|---|
| പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക | 80,64,140 രൂപ<br>(1992 SOR പ്രകാരം) |
| ടെണ്ടർ എക്സസ് | 69% |
| പിഎസി | 1,36,28,000 |
| കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് | 63,00,000 |
| കേന്ദ്ര ഗ്രാന്റിന്റെ ഒന്നാം ഗഡു | 18,90,000 |

ഹഡ്കോ വായ്പ ലഭ്യമാക്കിയത്

| തീയതി | ബാങ്ക് | തുക |
|---|---|---|
| 3-7-1998 | IOB KKD | 13,10,000 |
| 15-2-1998 | Federal Bank | 10,23,400 |
| ആകെ | | 23,33,400 |

പദ്ധതിക്കായി ചെലവഴിച്ച തുക

| ബിൽ നമ്പർ | തുക | തീയതി |
|---|---|---|
| 1st & Part bill | 2,64,580 | 31-3-1998 |

| | | |
|---|---|---|
| 2nd & Part bill | 3,36,797 | 31-12-1998 |
| 3rd & Part bill | 6,69,277 | 20-7-2000 |
| 4th & Part bill | 6,24,555 | 3-5-2002 |
| ആകെ | 18,95,191 | |

പലിശ ഇനത്തിൽ ചെലവായത് 8,89,129/-

<u>നിഗമനം</u>

38. മാങ്കാവിലെ പദ്ധതി പ്രദേശത്ത് നേരിട്ട് പോയി കണ്ടതിൽ ഇരു നിലകളിൽ വാർത്തിട്ടിരിക്കുന്ന ഒരു സ്ട്രക്ചർ മാത്രമാണ് കാണാൻ കഴിഞ്ഞത്. അതിൽ കാടും പടർപ്പും കയറിയ നിലയിലാണ് കണ്ടെത്തിയത്. ശരിക്കും കോഴിക്കോട് കോർപ്പറേഷന്റെ ഭരണ തലത്തിലെ പിടിപ്പ് കേടിന് മകുടോദാഹരണമാണ് മാങ്കാവിലെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ എന്നു മനസിലാക്കാം. 29-9-1997-ൽ പ്രോജക്ട് സൈറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കോഴിക്കോട് കോർപ്പറേഷൻ കൈമാറി നല്കിയെങ്കിലും പ്രവൃത്തി ആരംഭിക്കത്തക്ക രീതിയിൽ ഒഴിഞ്ഞ ഭൂമിയല്ല കൺസ്ട്രക്ഷൻ കോർപ്പറേഷന് വിട്ടു നല്കിയിരുന്നത്. സൈറ്റിൽ നിലനിന്നിരുന്ന ഡിസ്പെൻസറി നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജ്ജിയിന്മേൽ പ്രവൃത്തി നിർത്തിവെയ്ക്കണമെന്ന കോടതിയുടെ ഉത്തരവിന്മേൽ പ്രവൃത്തി നിർത്തിവെയ്ക്കുവാൻ കൺസ്ട്രക്ഷൻ കോർപ്പറേഷന് കോഴിക്കോട് കോർപ്പറേഷൻ നിർദ്ദേശം നല്കിയെങ്കിലും കേസിൽ പിന്നീടുണ്ടായ പുരോഗതിയ്ക്കനുസരിച്ച് ജോലി പുനരാരംഭിക്കാൻ സമയബന്ധിതമായി നിർദ്ദേശം നല്കിയതായി ഫയലുകളിലൊന്നും കാണുന്നില്ല. കെട്ടിടം പണി പുനരാരംഭിക്കാൻ തയ്യാറാണെന്ന് കാണിച്ചു കൊണ്ട് കൺസ്ട്രക്ഷൻ കോർപ്പറേഷൻ കോഴിക്കോട് കോർപ്പറേഷന് കത്ത് നല്കിയെങ്കിലും അതിനും സമയബന്ധിത നടപടികളൊന്നും തന്നെ കോർപ്പറേഷൻ സ്വീകരിച്ചിട്ടില്ല. കൺസ്ട്രക്ഷൻ കോർപ്പറേഷനെക്കൊണ്ട് വനിതാ ഹോസ്റ്റൽ എന്ന പ്രവൃത്തി ചെയ്യിക്കില്ലെന്ന നിർബന്ധ ബുദ്ധി കോർപ്പറേഷന് ഉണ്ടായിരുന്നുവെന്ന് വേണം ഫയൽ പരിശോധിച്ചതിൽ നിന്നും അനുമാനിക്കേണ്ടത്.

39. സമിതിയുടെ 5-6-2013-ലെ യോഗതീരുമാനപ്രകാരം വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണത്തിലുണ്ടായ വീഴ്ച സംബന്ധിച്ച് കോഴിക്കോട് കോർപ്പറേഷൻ സമ്മേളന ഹാളിൽവെച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി വീണ്ടും തെളിവെടുപ്പ് നടത്തി.

40. 'ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്കായി ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സഹായം' എന്ന പദ്ധതിയുടെ കീഴിൽ 210 സ്ത്രീകളെ പാർപ്പിക്കുന്നതിനായി മാങ്കാവിൽ നാലു നിലകളുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുവാൻ കോഴിക്കോട് കോർപ്പറേഷൻ 1995-96 -ൽ തീരുമാനമെടുത്തു. കേന്ദ്ര സഹായമായ 63 ലക്ഷം രൂപയുടെ ഗ്രാന്റും ഹഡ്കോ നൽകിയ 90 ലക്ഷം രൂപയുടെ വായ്പയും വഴിയാണ് പദ്ധതി തുക കണ്ടെത്താനുദ്ദേശിച്ചിരുന്നത്. 1992-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 80,64,140 രൂപയുടെ എസ്റ്റിമേറ്റാണ് പദ്ധതിക്കുണ്ടായിരുന്നത്. എസ്റ്റിമേറ്റിന്റെ 69% അധികരിച്ച തുകയ്ക്ക്, ഒരു വർഷത്തിനകം നിർമ്മാണം പൂർത്തിയാക്കാമെന്ന നിബന്ധനയോടെ 1997-ൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തു. കോഴിക്കോട് കോർപ്പറേഷൻ കൈമാറിയ സ്ഥലത്ത് നിലവിൽ ഉണ്ടായിരുന്ന ഡിസ്പെൻസറി കെട്ടിടം പൊളിച്ചു മാറ്റുന്നതുമായി ബന്ധപ്പെട്ട കോടതി നടപടികൾ കാരണം പ്രസ്തുത പ്രവൃത്തി 2000 ജനുവരി വരെ നിർവ്വഹിക്കാൻ കഴിയാതെ വന്നുവെന്നും തുടർന്ന് കെ.എസ്.സി.സി. ആവശ്യപ്പെട്ട നിരക്കുവർദ്ധന അംഗീകരിക്കാതെ, പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയം 2002 ജൂൺ വരെ നീട്ടി നൽകിയെന്നും കെട്ടിടത്തിന്റെ താഴത്തെ നിലയുടേയും ഒന്നാം നിലയുടെ ഒരു ഭാഗത്തിന്റേയും ജോലികൾ പൂർത്തീകരിച്ച ശേഷം കെ.എസ്.സി.സി. യും സബ്കോൺട്രാക്റ്ററുമായുള്ള കേസിനെ തുടർന്ന് ജോലികൾ നിർത്തി വയ്ക്കപ്പെടുകയും ചെയ്തു. 1997 ഏപ്രിൽ മുതൽ 2002 ജൂൺ വരെ കെ.എസ്.സി.സി.യ്ക്ക് നൽകിയ 18.95 ലക്ഷം രൂപയുടേയും വായ്പാ പലിശയിനത്തിൽ കോർപ്പറേഷൻ അടച്ച 10.38 ലക്ഷം രൂപയുടേയും ചെലവ് ഫലദായകമാക്കാതെ, ഹോസ്റ്റൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. പ്രസ്തുത പദ്ധതി നിർത്തിവച്ചതുമൂലം ഭാരത സർക്കാർ സഹായമായ 44.10 ലക്ഷം രൂപ നഷ്ടപ്പെടുത്തിയെന്നും 2002 ജൂണിൽ കെ.എസ്.സി.സി.യുമായുള്ള കരാർ അവരുടെ ചെലവിലും ബാദ്ധ്യതയിലും അവസാനിപ്പിക്കുന്നതിൽ കോർപ്പറേഷന്റെ ഭാഗത്തുനിന്നു വരുത്തിയ വീഴ്ച 29.33 ലക്ഷം രൂപയുടെ ചെലവ് എട്ട് വർഷത്തിലധികമായി ഫലദായകമല്ലാതെ കിടക്കുവാനും തത്ഫലമായി ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് കെട്ടിടത്തിന്റെ ഗുണം ലഭ്യമാക്കാൻ കഴിയാതെ വന്നുവെന്നും സമിതി വിലയിരുത്തി.

41. മാങ്കാവ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണത്തിനായി 1997-ൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് സ്ഥലം കൈമാറ്റം ചെയ്തുവെങ്കിലും പ്രസ്തുത സ്ഥലത്ത് നിലനിന്നിരുന്ന ഡിസ്പെൻസറി കെട്ടിടം പൊളിച്ചുമാറ്റുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് മുൻസിഫ് കോടതിയിൽ നിന്നും സ്റ്റേ ഓർഡർ ഉണ്ടായതിനെ തുടർന്ന് നിർമ്മാണം ആരംഭിക്കാതിരിക്കുകയും 1999-ൽ കേസ് തീർപ്പാക്കിയതിന് ശേഷം

ടി പ്രവൃത്തി കെ. എസ്. സി. സി., സബ് കോൺട്രാക്ടറെ ഏൽപ്പിക്കുകയും ആയതിന് 19 ലക്ഷം രൂപ ചെലവാക്കുകയും ചെയ്തതിനു ശേഷം കെ.എസ്.സി.സി.യും സബ്കോൺട്രാക്ടറും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായതിനെ തുടർന്ന് 2001-ൽ കെ.എസ്.സി.സി.യ്ക്കെതിരെ സബ് കോൺട്രാക്ടർ കോഴിക്കോട് ജില്ലാ സബ് കോടതിയിൽ നഷ്ടപരിഹാരത്തിനായി കേസ് ഫയൽ ചെയ്യുകയും നിർമ്മാണം നിർത്തിവയ്ക്കപ്പെടുകയും ചെയ്തുവെന്നും 2005-ലെ സബ് കോടതി വിധിയെ തുടർന്ന് 2006-ൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഹൈക്കോടതിയിൽ അപ്പീലിന് പോവുകയും അതിൻപ്രകാരം സബ് കോൺട്രാക്ടർക്ക് ഒരു ലക്ഷം രൂപ നൽകുകയും ചെയ്തുവെന്നും കോഴിക്കോട് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത കേസുമായി ബന്ധപ്പെട്ട് 2002-ൽ സബ് കോടതി മുമ്പാകെ സമർപ്പിച്ച ഹോസ്റ്റൽ നിർമ്മാണം സംബന്ധിച്ച എല്ലാ ഫയലുകളും 2008-ൽ മാത്രമാണ് തിരികെ ലഭിച്ചതെന്നും ആറ് വർഷക്കാലം ഫയലുകൾ കോർപ്പറേഷനിൽ ഇല്ലാത്ത സാഹചര്യംമൂലം നിർമ്മാണം തുടരാൻ കഴിഞ്ഞില്ലായെന്നും കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി. 2004-ലെ ഷെഡ്യൂൾ ഓഫ് റേറ്റിന്റെ 22% അധികരിച്ച തുക അനുവദിക്കണമെന്ന കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആവശ്യത്തിന്മേൽ പ്രവൃത്തിയുടെ കരാർ റദ്ദ് ചെയ്ത് കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ റീ ടെൻഡർ ചെയ്യുന്നതിന് കോഴിക്കോട് നഗരസഭാ സ്റ്റാൻഡിംഗ് കൗൺസിൽ നിർദ്ദേശം നൽകിയതിനെ തുടർന്ന് റീ ടെൻഡർ ചെയ്യുന്നതിന് സർക്കാർ അനുവാദം ലഭ്യമാക്കിയെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചു. രണ്ടു വകുപ്പുകൾ തമ്മിലുള്ള തർക്കം സർക്കാരിന്റെ ഹൈപവർ കമ്മിറ്റി വഴി പരിഹരിക്കണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. പുതിയ എസ്റ്റിമേറ്റിന്മേലുള്ള ടെൻഡർ 12.5 ശതമാനം നിരക്കിൽ ക്വാട്ട് ചെയ്ത കരാറുകാരൻ ക്വാളിഫൈഡ് ആയിട്ടുണ്ടെന്നും പ്രസ്തുത കരാർ അംഗീകരിക്കണമെന്ന നഗരസഭാ കൗൺസിൽ തീരുമാനം 2013 ആഗസ്റ്റ് മാസം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അയച്ചു കൊടുത്തിട്ടുള്ളതായും സർക്കാരിന്റെ ടെൻഡർ കമ്മിറ്റി അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണെന്നും നഗരസഭാ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

42. വനിതാ ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഉദ്യോഗസ്ഥരിൽ നിന്നും സമിതി വിശദീകരണം ആരാഞ്ഞു. പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കുവേണ്ടി ലഭിച്ച സ്ഥലത്ത് നിലനിന്നിരുന്ന ഡിസ്പെൻസറി കെട്ടിടവും മരങ്ങളും നീക്കം ചെയ്യുന്നതു സംബന്ധിച്ച നടപടിക്രമങ്ങളൊന്നും തന്നെ ടെൻഡർ നടത്തിപ്പിനു മുൻപ് കോർപ്പറേഷൻ പാലിച്ചില്ലായെന്നും ഡിസ്പെൻസറി കെട്ടിടം നിൽക്കുന്നതൊഴിച്ച് ബാക്കിയുള്ള സ്ഥലത്ത്

നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ നഗരസഭ നൽകിയ നിർദ്ദേശമനുസരിച്ച് 22.3 ലക്ഷം രൂപയുടെ പ്രവൃത്തി നടത്തുകയുണ്ടായിയെന്നും പ്രസ്തുത നിർമ്മാണം സംബന്ധിച്ച് സമർപ്പിച്ച പാർട്ട് ബില്ലുകളിലെ തുക യഥാസമയം ലഭിക്കാത്തതുമൂലം സബ് കോൺട്രാക്ടർക്ക് പ്രവൃത്തി നിർത്തിവയ്ക്കേണ്ടി വന്നുവെന്നും കെ. എസ്. സി. സി.-കോഴിക്കോട് റീജിയണൽ മാനേജർ സമിതിയെ അറിയിച്ചു.

43. 2006 നവംബറിൽ കരാർ റദ്ദുചെയ്യാൻ സ്റ്റാൻഡിംഗ് കൗൺസിൽ നിയമോപദേശം നൽകിയെങ്കിലും സർക്കാർ ഉത്തരവിനായി കത്ത് അയയ്ക്കുന്നതിന് നാല് വർഷത്തെ കാലതാമസം വരുത്തിയത് കോർപ്പറേഷന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണെന്ന് സമിതി അഭിപ്രായപ്പെട്ടു. കെ. എസ്. സി. സി. യിൽ നിന്നും നഷ്ടം ഈടാക്കുന്നതിനായി സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ഷെഡ്യൂൾ നിരക്കിൽ വന്ന കാലാനുസൃതമായ വർദ്ധനവ് ഉൾപ്പെടുത്തി നഷ്ടത്തുക നിശ്ചയിച്ചിട്ടുണ്ടെന്നും മൂന്നു കോടി രൂപയിലധികം വരുന്ന പ്രസ്തുത തുക ഈടാക്കുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതായിരിക്കുമെന്നും നഗരസഭാ സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

44. പദ്ധതി പ്രവൃത്തി പൂർത്തിയാക്കാതിരുന്ന കരാറുകാരനിൽ നിന്നും യഥാസമയം നഷ്ടം ഈടാക്കുന്നതിൽ കോർപ്പറേഷൻ വീഴ്ച വരുത്തിയെന്നും സർക്കാരിൽ നിന്നും ഉദാരമായ വ്യവസ്ഥകൾ നേടിയെടുത്തശേഷം കരാർ സബ്കോൺട്രാക്ടറെ ഏൽപ്പിച്ചത് കെ. എസ്. സി. സി.യുടെ ഭാഗത്തു നിന്നുണ്ടായ തെറ്റായ നടപടിയാണെന്നും ഹഡ്കോയിൽ നിന്നും വായ്പയെടുത്ത 23.33 ലക്ഷം രൂപയുടെ പലിശ കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നും അടയ്ക്കുന്നതു വഴി കോർപ്പറേഷന് നഷ്ടം ഉണ്ടായി എന്നും സമിതി വിലയിരുത്തി.

45. മാങ്കാവിലെ ഹോസ്റ്റൽ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പുതിയ എസ്റ്റിമേറ്റ് പ്രകാരം രണ്ടു നിലകളിലായി നിർമ്മാണം നടത്തുമെന്നും പഴയ കരാർ പ്രകാരം ഒരു ഭാഗത്ത് രണ്ടു നിലകൾ നിർമ്മിച്ചിട്ടുണ്ടെന്നും കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി. സർക്കാരിന്റെ ടെണ്ടർ കമ്മിറ്റിയിൽ നിന്നുള്ള അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് 12.5% നിരക്കിൽ ക്വാട്ട് ചെയ്ത് ടെണ്ടർ ലഭിച്ച കരാറുകാരൻ ഹോസ്റ്റൽ നിർമ്മാണം ആരംഭിക്കുമെന്ന് അദ്ദേഹം അറിയിച്ചു.

46. ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിക്കായുള്ള കരാറിന്റെ കാലാവധി കഴിഞ്ഞു പോയതിനാൽ മുൻ കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ ടി കരാർ അവസാനിപ്പിക്കാൻ കഴിയില്ലായെന്നും പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ നിർദ്ദേശപ്രകാരം നടപടി സ്വീകരിയ്ക്കേണ്ടതാണെന്നും ധനകാര്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

47. നിർമ്മാണ പ്രവർത്തനത്തിനിടയിൽ ഉണ്ടായ അഭിപ്രായ വ്യത്യാസം പരിഹരിക്കുന്നതിൽ കെ. എസ്. സി. സി.യും നഗരസഭയും വീഴ്ചയുണ്ടായിയെന്നും നിലവിലുള്ള എസ്. ഒ. ആർ., സി. പി. ഡബ്ല്യു. ഡി. നിരക്കിലായിരിക്കണമെന്നും അദ്ദേഹം വ്യക്തമാക്കി. പുതുക്കിയ ടെണ്ടർ റേറ്റ്, 13-4-2014 മുതൽ സി. പി. ഡബ്ല്യു. ഡി. റേറ്റ് പ്രാബല്യത്തിൽ വരുന്നതിന് മുൻപുള്ളതാണെന്നും കുറഞ്ഞ നിരക്കായ 12.5 ശതമാനം ക്വാട്ട് ചെയ്തിരിക്കുന്നതിനാൽ സർക്കാരിന് നഷ്ടം ഉണ്ടാകില്ലായെന്നും കോഴിക്കോട് കോർപ്പറേഷൻ ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

48. കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഹോസ്റ്റൽ നിർമ്മാണം ഏറ്റെടുത്ത ശേഷം പ്രസ്തുത പ്രവൃത്തി സബ് കോൺട്രാക്ടർക്ക് നൽകിയതുമൂലമാണ് സമയബന്ധിതമായി ടി കെട്ടിടം പൂർത്തീകരിക്കാൻ കഴിയാതെപോയത് എന്നും തദ്വാര നഗരസഭയുടെ അഭിമാന പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വന്നുവെന്നും കോഴിക്കോട് നഗരസഭാ അദ്ധ്യക്ഷ സമിതിയെ അറിയിച്ചു. കെ. എസ്. സി. സി.യുടെ സബ് കോൺട്രാക്ടർ സമർപ്പിച്ച ബില്ലുകൾ പാസ്സാക്കുന്നതിൽ നഗരസഭ വീഴ്ചവരുത്തിയെന്നും നിലവിൽ രണ്ടു ലക്ഷം രൂപ ഇനിയും ലഭിക്കാനുണ്ടെന്നും കെ. എസ്. സി. സി., ലീഗൽ മാനേജർ വ്യക്തമാക്കി. 3-5-2002 വരെ 18,95,191 രൂപ നഗരസഭ നൽകിയിട്ടുണ്ടെന്നും കെ. എസ്. സി. സി. യെ പ്രസ്തുത പദ്ധതി നടത്തിപ്പിൽ നിന്നും ഒഴിവാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ടെൻഡർ കമ്മിറ്റിയിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ആയതിന് നഗരസഭാദ്ധ്യക്ഷ പൊതുമരാമത്ത്, ധനകാര്യം എന്നീ വകുപ്പ് സെക്രട്ടറിമാരുമായി ചർച്ച നടത്തണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**49. കോഴിക്കോട് മാങ്കാവ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണത്തിനുള്ള കരാർ ഏറ്റെടുത്തശേഷം പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിനായി സബ്കോൺട്രാക്ട് നൽകിയ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. 1999-ൽ ആരംഭിച്ച പ്രവൃത്തി, പൂർത്തീകരിക്കാനാകാതെ നീണ്ടുപോയ സാഹചര്യത്തിലും 2006-ൽ കരാർ റദ്ദുചെയ്യാൻ നിയമോപദേശം ലഭ്യമായിട്ടും പ്രസ്തുത കരാർ റദ്ദാക്കി കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ റിസ്ക് ആന്റ് കോസ്റ്റിൽ റീ ടെൻഡർ നടത്തുവാനും ജോലി പുനരാരംഭിക്കുവാനും കോഴിക്കോട് കോർപ്പറേഷൻ വീഴ്ച വരുത്തിയതിനാൽ കേന്ദ്ര ധനസഹായമായ 44.10 ലക്ഷം രൂപയും ഹഡ്കോയിൽനിന്നുള്ള വായ്പയുടെ പലിശയിനത്തിൽ 10.38 ലക്ഷം രൂപയും**

നഷ്ടപ്പെടാൻ ഇടയാക്കിയെന്ന് സമിതി വിലയിരുത്തുന്നു. കൺസ്ട്രക്ഷൻ കോർപ്പറേഷനുമായുള്ള അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിച്ച് സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാൻ കോഴിക്കോട് കോർപ്പറേഷൻ കാര്യക്ഷമമായി പ്രവർത്തിച്ചില്ലായെന്ന് സമിതി അഭിപ്രായപ്പെടുന്നു.

50. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ നിന്നും നഷ്ടം ഈടാക്കുന്നതിനായി സ്വീകരിച്ച നടപടിയും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ കെട്ടിട നിർമ്മാണം പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടിയും സംബന്ധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016, ഒക്ടോബർ 18.

**അനുബന്ധം-I**

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട വകുപ്പ് | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | തദ്ദേശസ്വയം ഭരണം | 5 | കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ വൈദ്യുത ശ്മശാനത്തിന്റെ നിർമ്മാണഘട്ടത്തിൽ തന്നെ പവർലോഡും ലൈറ്റ് ലോഡും വേർതിരിക്കുന്നതിനുള്ള പ്രത്യേകം വൈദ്യുത മീറ്ററുകൾ ഘടിപ്പിക്കാതിരുന്നത് കോർപ്പറേഷന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതികൾക്കാവശ്യമായ സാങ്കേതിക സജ്ജീകരണങ്ങൾ സംബന്ധിച്ച് മുൻകൂട്ടി പഠനം നടത്തി, അവ യഥാസമയം പ്രവൃത്തിയിലുൾപ്പെടുത്തുന്ന രീതി അനുവർത്തിയ്ക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | തദ്ദേശസ്വയം ഭരണം | 6 | ലൈറ്റ്ലോഡിനും പവർലോഡിനും വെവ്വേറെ മീറ്ററുകൾ സ്ഥാപിക്കണമെന്ന കോർപ്പറേഷൻ മേയറുടെ 2004-ലെ ഉത്തരവുണ്ടായിട്ടും ആയത് യഥാസമയം നടപ്പാക്കാത്തതിലൂടെ കോർപ്പറേഷന് ഭീമമായ നഷ്ടമുണ്ടായതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ കോർപ്പറേഷൻ മേയറുടെ ഉത്തരവ് നടപ്പാക്കുന്നതിൽ കാലതാമസം വരുത്തിയ ജീവനക്കാർക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | തദ്ദേശസ്വയം ഭരണം | 11 | ശരിയായ ആസൂത്രണമില്ലാതെയും സാദ്ധ്യതാപഠനം നടത്താതെയുമാണ് കൊച്ചി നഗരസഭ പത്തു ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നടത്തുന്നതിനുള്ള പദ്ധതി ആരംഭിച്ചതെന്നും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവും തദ്ദേശവാസികളുടെ പ്രതിഷേധവുംമൂലം പ്ലാന്റുകൾ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞില്ലായെന്നും സമിതി നിരീക്ഷിക്കുന്നു. കരാർ ഏറ്റെടുക്കുന്ന സ്ഥാപനവുമായി പ്ലാന്റിന്റെ പ്രവർത്തനക്ഷമത, മെയിന്റനൻസ്, ഉപയോഗിക്കുവാനുള്ള പരിശീലനം എന്നിവ സംബന്ധിച്ച് വ്യവസ്ഥകൾ വയ്ക്കേണ്ടതാണെന്നും പ്രസ്തുത വ്യവസ്ഥകൾ പാലിക്കുന്നവർക്കു മാത്രമേ മേലിൽ കരാറുകൾ അനുവദിയ്ക്കാവൂയെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 4 | തദ്ദേശസ്വയം ഭരണം | 12 | പ്രവർത്തനരഹിതമായ മൂന്ന് ബയോഗ്യാസ് പ്ലാന്റുകൾ ഉപയോഗയോഗ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | തദ്ദേശസ്വയം ഭരണം | 18 | കാർഷികാവശ്യങ്ങൾക്കായി വാങ്ങുന്ന ആധുനിക ഹൈടെക് യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാനും അറ്റകുറ്റപ്പണികൾ ചെയ്യുവാനും യോഗ്യമായ സാങ്കേതിക പരിജ്ഞാനമുള്ളവരുടെ സേവനം കൃഷിവകുപ്പിൽ ലഭ്യമാക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 6 | തദ്ദേശസ്വയം ഭരണം | 19 | ഉപയോഗക്ഷമത സംബന്ധിച്ച് പഠനം നടത്താതെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ കൊയ്ത്തു മെതിയന്ത്രം വാങ്ങിയതിനും തകരാറിലായ യന്ത്രം യഥാസമയം കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കുന്നതിൽ വീഴ്ചവരുത്തിയതിനും ഉത്തരവാദികളായവർക്കെതിരെ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സ്വീകരിച്ച നടപടിയും കൊയ്ത്തുമെതിയന്ത്രം സംബന്ധിച്ച് കൂടുതൽ നഷ്ടം വരാത്ത നിലയിൽ ഉപയോഗയോഗ്യമാക്കുവാനോ കൈമാറാനോ സ്വീകരിച്ച നടപടിയും സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | തദ്ദേശസ്വയം ഭരണം | 23 | തവിഞ്ഞാൽ, പുൽപ്പള്ളി, ചെങ്ങോട്ടുകാവ് എന്നീ ഗ്രാമപഞ്ചായത്തുകൾ സോഡിയം വേപ്പർ തെരുവ് വിളക്കുകളുടെ പ്രതിമാസ വൈദ്യുത നിരക്കിനത്തിൽ അധികമായി അടച്ചതുക, കെ.എസ്.ഇ.ബി.യിൽ ക്രമവത്ക്കരിച്ചത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 8 | തദ്ദേശസ്വയം ഭരണം | 24 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആന്തരിക നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മകൾ കാരണമാണ് മേല്പറഞ്ഞ മൂന്ന് ഗ്രാമപഞ്ചായത്തുകൾ വൈദ്യുതി ചാർജ്ജിനത്തിൽ അധികം തുക നല്കേണ്ടിവരികയും ഓഡിറ്റ് ചൂണ്ടിക്കാണിക്കുന്നതുവരെ ശ്രദ്ധയിൽപ്പെടാതെ പോകുകയും ചെയ്തതെന്ന് സമിതി നിരീക്ഷിക്കുന്നു. ഇത്തരം പോരായ്മ സംസ്ഥാനത്തെ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമുണ്ടാകാനുള്ള സാധ്യത സമിതി കാണുന്നു. ആയതിനാൽ, ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും ആവർത്തിക്കാതിരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 9 | തദ്ദേശസ്വയം ഭരണം | 49 | കോഴിക്കോട് മാങ്കാവ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണത്തിനുള്ള കരാർ ഏറ്റെടുത്തശേഷം പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിനായി സബ്കോൺട്രാക്ട് നൽകിയ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | കോർപ്പറേഷന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. 1999-ൽ ആരംഭിച്ച പ്രവൃത്തി, പൂർത്തീകരിക്കാനാകാതെ നീണ്ടുപോയ സാഹചര്യത്തിലും 2006-ൽ കരാർ റദ്ദുചെയ്യാൻ നിയമോപദേശം ലഭ്യമായിട്ടും പ്രസ്തുത കരാർ റദ്ദാക്കി കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ റിസ്ക് ആന്റ് കോസ്റ്റിൽ റീ-ടെൻഡർ നടത്തുവാനും ജോലി പുനരാരംഭിക്കുവാനും കോഴിക്കോട് കോർപ്പറേഷൻ വീഴ്ച വരുത്തിയതിനാൽ കേന്ദ്ര ധനസഹായമായ 44.10 ലക്ഷം രൂപയും ഹഡ്കോയിൽനിന്നുള്ള വായ്പയുടെ പലിശയിനത്തിൽ 10.38 ലക്ഷം രൂപയും നഷ്ടപ്പെടാൻ ഇടയാക്കിയെന്ന് സമിതി വിലയിരുത്തുന്നു. കൺസ്ട്രക്ഷൻ കോർപ്പറേഷനുമായുള്ള അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിച്ച് സമയ ബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാൻ കോഴിക്കോട് കോർപ്പറേഷൻ കാര്യക്ഷമമായി പ്രവർത്തിച്ചില്ലായെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 10 | തദ്ദേശസ്വയം ഭരണം | 50 | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ നിന്നും നഷ്ടം ഈടാക്കുന്നതിനായി സ്വീകരിച്ച നടപടിയും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ കെട്ടിട നിർമ്മാണം പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടിയും സംബന്ധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

# അനുബന്ധം II

**2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ സി & എജി ഓഡിറ്റ് റിപ്പോർട്ട് 4-ാം അദ്ധ്യായം - നടപടി വിശദീകരണ പത്രിക**

| ക്രമ നം. | ഖണ്ഡിക | ഓഡിറ്റ് പരാമർശ വിഷയം | പരാമർശത്തിനുള്ള മറുപടി | റിമാർക്സ് |
|---|---|---|---|---|
| 1. | 4.1 | വൈദ്യുത ശ്മശാനത്തിനുള്ള പവർ ലോഡും ലൈറ്റ് ലോഡും തമ്മിൽ വേർതിരിക്കാത്തതുകാരണം അടക്കേണ്ടിവന്ന ഒഴിവാക്കാമായിരുന്ന വൈദ്യുതി ചെലവ്<br><br>കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ വൈദ്യുതി ശ്മശാനത്തിനുള്ള പവർ ലോഡും ലൈറ്റ് ലോഡും വേർതിരിക്കാത്തത് 11.24 ലക്ഷത്തിന്റെ ഒഴിവാക്കാമായിരുന്ന വൈദ്യുതി ചാർജ്ജ് അടക്കുന്നതിലേക്ക് നയിച്ചു. | കോഴിക്കോട് നഗരസഭ- 2002 ജൂൺ മാസം മുതൽ പ്രവർത്തനം ആരംഭിച്ചിരുന്ന മാവൂർ റോഡ് വൈദ്യുത ശ്മശാനത്തിൽ പവർ ലോഡിനും ലൈറ്റ് ലോഡിനുമായി പ്രത്യേകം കണക്ഷനുകളായി എടുത്തിട്ടില്ലാത്തതുമൂലം ഒരേ ഉയർന്ന താരിഫ് ഇനത്തിൽ ചാർജ്ജ് അടവാക്കേണ്ടി വരികയുണ്ടായി . കൺസ്യൂമർ നമ്പർ സി11-594 കണക്ഷൻ ലഭ്യമാക്കിയ ഘട്ടത്തിൽ ലൈറ്റ് ലോഡിനും പവർ ലോഡിനും പ്രത്യേകം മീറ്ററുകൾ സ്ഥാപിക്കാൻ കെ.എസ്.ഇ.ബിയുടെ ഭാഗത്തു നിന്നും നിർദ്ദേശം ലഭിക്കുകയുണ്ടായില്ല. നഗരസഭയ്ക്ക് കൈമാറികിട്ടിയ പ്രസ്തുത വൈദ്യുത ശ്മശാനത്തിലെ പവർ സെഗ്രഗേഷൻ സംബന്ധിച്ച വസ്തുതകൾ ശ്രദ്ധയിൽപ്പെടാതെ വരികയായിരുന്നു.<br><br>തുടർന്ന് ഇതു സംബന്ധമായി AG-LBA Party IX യുടെ LBA-DP3/AR 2009-10/77 കത്ത് പ്രകാരം പവർ സെഗ്രഗേഷൻ അടിയന്തിരമായി നടത്തുന്നതിനാവശ്യമായ ഇലക്ട്രിക്കൽ പ്രവൃത്തികൾ നഗരസഭ നിർവഹിക്കുകയും 2011 ജൂൺ 1 മുതൽ ലൈറ്റ് ലോഡും പവർ ലോഡും വേർതിരിച്ചുകൊണ്ട് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ വസ്തുത 13.6.2011 ലെ കത്തു മുഖേന സീനിയർ ഓഡിറ്റ് ഓഫീസർ C/o പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം എന്നവരെ അറിയിച്ചിരുന്നതുമാണ്.<br><br>നഗരസഭയിൽ കെ.എസ്.ഇ.ബി ചട്ടങ്ങളെക്കുറിച്ച് ബോധ്യമില്ലാത്തതിനാലും ഇലക്ട്രിക്കൽ ജോലികൾ നിർവഹിക്കുന്നതിന് യോഗ്യതയുള്ള ജീവനക്കാരുടെ അഭാവത്തിലും സംഭവിച്ച വീഴ്ചയായി പരിഗണിച്ച് | |

| ക്രമ നം. | ഖണ്ഡിക | ഓഡിറ്റ് പരാമർശ വിഷയം | പരാമർശത്തിനുള്ള മറുപടി | റിമാർക്സ് |
|---|---|---|---|---|
| | | | ഭാവിയിൽ സമാനമായ വിഷയങ്ങളിൽ മേൽ വസ്തുതകൾ പരിഗണിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന് കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. | |
| 2. | 4.2 | ബയോഗ്യാസ് പ്ലാന്റുകളിന്മേലുള്ള ഫലദായകമല്ലാത്ത ചിലവ്. | കൊച്ചി കോർപ്പറേഷൻ - നഗരസഭയുടെ വിവിധ ഡിവിഷനുകളിൽ ജൈവമാലിന്യം കൈകാര്യം ചെയ്യുന്നതിനായി 10 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ആയതിൽ ചിറയ്ക്കൽ നഗരസഭ സ്ഥലത്ത് വെള്ളക്കെട്ട് ഉള്ളതിനാലും മറ്റ് സ്ഥലങ്ങളിൽ 40m$^3$ വ്യാപ്തമുള്ള (60 m$^3$, 40 m$^3$ പ്ലാന്റുകളാണ് ഉദ്ദേശിച്ചിരുന്നത്) പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലമില്ലാത്തതിനാലുമാണ് അവിടങ്ങളിൽ പദ്ധതി ഉപേക്ഷിച്ചത്.<br><br>നഗരസഭ നിർമ്മിച്ച ബയോഗ്യാസ്പ്ലാന്റുകളിൽ പ്രവർത്തനരഹിതമായി കിടക്കുന്നത് മെയിന്റനൻസ് നടത്തി പ്രവർത്തക്ഷമമാക്കുന്നതിന് M/S Grow Green International, Cochin – 18 എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്.<br><br>സ്ഥാപിച്ച പ്ലാന്റുകളെ സംബന്ധിച്ച് വിദഗ്ധ പരിശോധന നടത്തുന്നതിന് ശുചിത്വമിഷനെ ഏൽപ്പിച്ചിട്ടുള്ളതും പ്രസ്തുത സ്ഥാപനം റിപ്പോർട്ട് നൽകിയിട്ടുള്ളതുമാണ്. കരാർ അനുസരിച്ച് M/S Jyothi Biogas എന്ന സ്ഥാപനം തങ്ങളുടെ ചിലവിൽ മുഴുവൻ പ്ലാന്റുകളും പ്രവർത്തിപ്പിക്കാത്തതിനാൽ ബില്ലിൽ നിന്നും 10% കുറവു ചെയ്തിട്ടുണ്ട്.<br><br>മേൽപറഞ്ഞ കാരണങ്ങളാൽ നഗരസഭയ്ക്ക് എതിരെയുള്ള ഓഡിറ്റ് പരാമർശം നീക്കണമെന്ന് അഭ്യർത്ഥിക്കുന്നു. | |

4-3

കംട്രോളർ & ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2010 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ അദ്ധ്യായം 4-ൽ ഉൾപ്പെട്ട ഖണ്ഡിക പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദീകരണ പത്രിക

അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്

| ഖണ്ഡിക നം | പരാമർശ വിഷയം | സ്വീകരിച്ച നടപടി |
|---|---|---|
| 4.3 | അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയ 9.93 ലക്ഷം രൂപ വിലയുള്ള കൊയ്ത്ത് മെതിയന്ത്രം കേടായ ശേഷം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. | 2003-04 വർഷത്തെ കേരളവികസന പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ നിർദ്ദേശാനുസരണമാണ് യന്ത്ര വൽകൃത കൊയ്ത് മെതിയന്ത്രം വാങ്ങാൻ പദ്ധതി തയ്യാറാക്കിയത്. ഇതിൻ പ്രകാരം കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ എസ്.ഒ.01/04 പ്രകാരം റെയ്ഡ്കോ മുഖേന "KUNJE SHAKTHI" കൊയ്ത്ത് മെതിയന്ത്രവും റാമ്പും 992914/- രൂപ ചിലവഴിച്ച് 22.03.2004ൽ വാങ്ങി നെൽകൃഷി മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയാണ് കൊയ്ത്ത് മെതിയന്ത്രം വാങ്ങിയത്. 2004-05- 2005-06 വർഷങ്ങളിലെ രണ്ടാംവിള നെൽകൃഷിയ്ക്ക് കൊയ്ത്തിനായി ആകെ 72 മണിക്കൂർ ടി യന്ത്രം ഉപയോഗിച്ചിട്ടുണ്ട്. അതിനുശേഷം യന്ത്രം കേടുവന്നതിനാൽ തുടർന്ന് പ്രവർത്തിയ്ക്കുവാൻ സാധിച്ചില്ല. 2008-09 വർഷം പ്രസ്തുത യന്ത്രം റിപ്പയർ ചെയ്യുന്നതിനായി 20000/- രൂപയുടെ അടങ്കൽ കാണിച്ച് ഒരു പദ്ധതി തയ്യാറാക്കിയെങ്കിലും അനുമതി ലഭിച്ചില്ല. യഥാസമയം അറ്റകുറ്റപണികൾ നടത്താതെ 2006 മെയ്മാസം മുതൽ ടി യന്ത്രം ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്.<br><br>തുടർന്ന് 17.05.2011ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം ടി യന്ത്രം നന്നാക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ റെയ്ഡ്കോ അഞ്ചൽ ബ്രാഞ്ചിന് കത്ത് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ "KUNJE " കമ്പനിയിൽ നിന്നും വിദഗ്ധർ എത്തി ബ്ലോക്കിൽ പ്രവർത്തനരഹിതമായി കിടക്കുന്ന യന്ത്രം പരിശോധിക്കുകയും ആയത് ശരിയാകുന്നതിനാവശ്യമായ 65ഓളം സ്പെയർ പാർട്സ്കളുടെ ലിസ്റ്റ് റെയ്ഡ്കോയിൽ നിന്നും ലഭിക്കുകയും ചെയ്തു. ഇതിൻ പ്രകാരം റിപ്പയർ ചെയ്യാനാവശ്യമായ പാർട്സുകൾക്ക് ഏകദേശം 350000/- രൂപയും സർവ്വീസ് ചാർജ്ജിനത്തിൽ 50000/- രൂപയും ഉൾപ്പെടെ 4 ലക്ഷം രൂപ ചിലവ് പ്രതീക്ഷിക്കുന്നതായി റെയ്ഡ്കോ അഞ്ചൽ ബ്രാഞ്ച് മാനേജർ അറിയിച്ചിട്ടുണ്ട്. വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്ന ടി യന്ത്രം റിപ്പയർ ചെയ്താലും എത്രനാൾ ഉപയോഗപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുവാൻ സാധിക്കും എന്നതിനെക്കുറിച്ചും കമ്പനി ഉറപ്പ് പറയുന്നില്ല. ഈ സാഹചര്യത്തിൽ 29.10.2011ൽ ചേർന്ന ബ്ലോക്ക് പഞ്ചായത്ത് ജനറൽ കമ്മറ്റി ഈ വിഷയം ചർച്ച ചെയ്തു. ടി യന്ത്രം റിപ്പയർ ചെയ്യാൻ ശ്രമിക്കുന്നത് അനാവശ്യമായ ധന നഷ്ടമാണെന്ന ബോദ്ധ്യമായ സാഹചര്യത്തിൽ ലേലം ചെയ്യാനുള്ള അനുവാദത്തിനായി സർക്കാരിലേയ്ക്ക് അഭ്യർത്ഥിച്ചിട്ടുള്ളതുമാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| ക്രമ നമ്പർ | പരാമർശ ഖണ്ഡിക | സ്വീകരിച്ച നടപടി |
|---|---|---|
| 4 | 4.4. ചെങ്ങോട്ടുകാവ് ഗ്രാമ പഞ്ചായത്ത്- തെരുവ് വിളക്കുകൾക്ക് അനാവശ്യമായി അധിക വൈദ്യുതി ചാർജ്ജ് നൽകിയത് (5.34 ലക്ഷം രൂപ) | ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടിലെ ഭാഗം 2 എ പാരാ1-1 പ്രകാരം തെരുവ് വിളക്കുകൾക്ക് അനാവശ്യമായി വൈദ്യുതി ചാർജ്ജ് ഈടാക്കിയത് സംബന്ധിച്ച പരമർശത്തിന്മേൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും അധികമായിഈടാക്കിയ തുക തിരിച്ചു നൽകുന്നതിനായി കെ. എസ്. ഇ.ബി അധികൃതരുമായി നിരന്തരം ബന്ധപ്പെട്ടതിൽ തെരുവ് വിളക്ക് സംബന്ധിച്ച ജനകീയ സമിതിയോഗങ്ങൾ നടത്തുകയും തുടർന്ന് സംയുക്തസമിതി പരിശോധന നടത്തി ആകെ തെരുവ് വിളക്കുടെ എണ്ണം 722 ആണെന്ന് കണ്ടെത്തുകയും എല്ലാ തെരുവ് വിളക്കുകളും പ്രവർത്തനക്ഷമമാണെന്ന് പിന്നീട് കെ.എസ്.ഇ.ബി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തു. വൈദ്യുതി ചാർജ്ജിനത്തിൽ അധികമായി ഈടാക്കിയ തുക 5,66,225/- പഞ്ചായത്തിന്റെ കൺസ്യൂമർ നമ്പർ 18517 -ൽ വരവുവെച്ചതായും പ്രസ്തുത തുക തീരുന്നതുവരെ തെരുവ് വിളക്കുകളുടെ തുക അടവാക്കേണ്ടതില്ലെന്ന് കെ.എസ്.ഇ.ബി അറിയിക്കുകയും ചെയ്തു. ആയത് പ്രകാരം 01.11.2011 മുതൽ താഴെ പറയും പ്രകാരം തുക തെരുവ് വിളക്കുകളുടെ ചാർജ്ജിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.<br><br>2011 നവംബർ - 20971<br>2011 ഡിസംബർ - 20971<br>2012 ജനുവരി - 20971<br>2012 ഫെബ്രുവരി - 20971<br>2012 മാർച്ച് - 20971<br>2012 ഏപ്രിൽ - 20971<br>2012 മെയ് - 20971<br>2012 ജൂൺ - 20971<br>2012 ജൂലൈ - 20971<br>2012 ആഗസ്റ്റ് - 37908<br>2012 സെപ്റ്റബംർ - 37908<br>2012 ഒക്ടോബർ - 37908<br>2012 നവംബർ - 44789<br>2012 ഡിസംബർ - 44789<br>2013 ജനുവരി - 44789<br>2013 ഫെബ്രുവരി - 43313<br>2013 മാർച്ച് - 43313<br>2013 ഏപ്രിൽ - 42769<br>ആകെ - 5,66,225/- |

KRIPANANDAN K.R.

44

| | | |
|---|---|---|
| | | പ്രസ്തുത പരാമർശത്തിന്മേൽ അക്കൗണ്ടന്റ് ജനറലിന്റെ 08.03.2012 ലെ നമ്പർ എൽ. ബി.എ (എച്ച്.ക്യു) 18എ/1594/1411 പ്രകാരം ഉളള അനന്തര റിപ്പോർട്ടിൽ തുടർ നടപടി ഇല്ല എന്ന് അറിയിച്ചിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു. |
| 2 | 4.4. തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് - തെറ്റായ താരിഫ് ബാധകമാക്കിയതു കാരണം തെരുവ് വിളക്കു കൾക്ക് അടക്കേണ്ടിവന്ന അധികം തുക (2.6 ലക്ഷം) | ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 23.11.2009, 04.08.2010 തീയതികളിൽ കെ.എസ്.ഇ.ബിക്ക് കത്ത് നൽകുകയിട്ടുണ്ട്. 1/2006 മുതൽ 7/2009 വരെ 22 വിളക്കു കൾക്ക് വൈദ്യുതി ചാർജ്ജിനത്തിൽ അധികമായി അടച്ച 2,60,150 രൂപ (രണ്ട് ലക്ഷത്തി അറുപതിനായിരത്തി നൂറ്റി അൻപത് രൂപ) (22x275x43) യും 8/2009 മുതൽ 8/2010 വരെയുളള കാലത്ത് അധികമായി അടച്ച 78,650/- (എഴുപത്തി എട്ടായിരത്തി അറുനൂറ്റി അൻപത്) രൂപയും ((22x275x13) ഉൾപ്പെടെ ആകെ 3,38,800/- രൂപ 9/2011 മുതൽ 2/2013 വരെയുളള ബില്ലുകളിൽ കുറവ് ചെയ്തിട്ടുണ്ട്. |
| 3 | ഖണ്ഡിക 4.4 പുൽപ്പളളി ഗ്രാമപഞ്ചായത്ത് - തെറ്റായ താരിഫ് ബാധകമാക്കിയതു കാരണം തെരുവ് വിളക്കു കൾക്ക് അടക്കേണ്ടിവന്ന അധികം തുക (8.5 ലക്ഷം) | അധികമായി അടവാക്കിയ തുക പ്രതിമാസ ബില്ലുകളിൽ വരവ്വെച്ചുവരുന്നു. 15.07.2011-ൽ 2,69,898/- രൂപയും, 8/2011 മുതൽ 5/2013 വരെ 2,36,331/- രൂപയും ഉൾപ്പെടെ ആകെ ഇതുവരെ 5,06,229 രൂപ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. |
| 4 | ഖണ്ഡിക 4.10 - എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് - സാമ്പ ത്തിക ആനുകൂല്യം - എരുമപ്പെട്ടി ഗ്രാമ പഞ്ചായത്തിന്റെ ഇ. എം.എസ് ഭവന പദ്ധതിയുടെ ക്രമവിരു ദ്ധമായ നടപ്പാക്കലിന്റെ ഭാഗ മായി ബാങ്കിന് അനർത്ഥമായ സാമ്പത്തിക ആനുകൂല്യ ത്തിനും ഗുണഭോക്താക്കൾക്ക് ഉദ്ദേശിച്ച ധനസഹായം നിഷേ ധിക്കുന്നതിനും ഇടയാക്കി. | |

| ക്രമ നം. | ഖണ്ഡിക | ഓഡിറ്റ് പരാമർശ വിഷയം | പരാമർശത്തിനുള്ള മറുപടി | റിമാർക്സ് |
|---|---|---|---|---|
| 5 | 4.5 | <u>വർക്കിംഗ് വിമൻസ് ഹോസ്റ്റലിലേക്ക് നടത്തിയ ഫലദായകമല്ലാത്ത നിക്ഷേപം</u><br><br>കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ ഒരു വർക്കിംഗ് വിമൺസ് ഹോസ്റ്റൽ 29.33 ലക്ഷം രൂപ ചെലവാക്കി എട്ട് വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാതിരുന്നതിനാൽ 44.10 ലക്ഷം രൂപ കേന്ദ്രസഹായം ലാപ്സായതിന് പുറമെ ലക്ഷ്യം നിറവേറ്റപ്പെടാതിരിക്കാനും കാരണമായി. | കോഴിക്കോട് കോർപ്പറേഷൻ - മാങ്കാവ് എന്ന സ്ഥലത്ത് 82,00,000/- രൂപ അടങ്കലുള്ള വർക്കിംഗ് വുമൺസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം 69% അധിക നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കാമെന്ന് കാണിച്ച് ടെണ്ടർ സമർപ്പിക്കുകയും ആയതിന് 30.08.1997 ൽ 255/97-98 നമ്പർ ആയി കോർപ്പറേഷനുമായി ഉടമ്പടി വെക്കുകയും ചെയ്തിരുന്നു. ആയത് പ്രകാരം 29.9.97 ന് കെ.എസ്.സിസിയ്ക്ക് സൈറ്റ് ഹാന്റ് ഓവർ ചെയ്യുകയും ചെയ്തു. ആയതിനു ശേഷം പ്രവർത്തി നടന്നുകൊണ്ടിരിക്കെ ടി മാധവൻ നായർ, വി.രാഘവൻ നായർ എന്നീ സ്വകാര്യ വ്യക്തികൾ ബഹു.ഹൈക്കോടതിയിൽ ഉന്നയിച്ച പരാതി പ്രകാരം 14.08.98 ന് ബഹു. ഹൈക്കോടതി പ്രവൃത്തി തുടരുന്നത് സ്റ്റേ ചെയ്യുകയുണ്ടായി . മേൽ കേസ് തീർപ്പായതു പ്രകാരം പ്രവർത്തി പുനരാരംഭിക്കുന്നതിന് കെ.എസ്.സി.സി യോട് ആവശ്യപ്പെടുകയും ചെയ്തു.<br><br>മേൽ കാലയളവിൽ ചെയ്ത പ്രവർത്തികൾ നാല് പാർട്ടു ബില്ലുകളിലായി കെ.എസ്.സി.സി യ്ക്ക് 22,86,669/- രൂപ കോർപ്പറേഷൻ നൽകുകയും ചെയ്തു. പിന്നീട് പ്രവർത്തി പുനരാരംഭിക്കുന്നതിനായി അധിക നിരക്ക് ആവശ്യപ്പെട്ടുകൊണ്ട് 6.5.02, 10.6.02 തീയതികളിൽ കെ.എസ്.സി.സി നഗരസഭയ്ക്ക് കത്ത് സമർപ്പിച്ചിട്ടുള്ളതാണ്. ഈ കത്ത് പ്രകാരം 1992 ഷെഡ്യൂൾ ഓഫ് റേറ്റ് (എസ്ഒആർ) പ്രകാരം 130% അധികരിച്ച നിരക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ആയത് പ്രകാരം 31/05/2002 ന് ബഹു.മേയറുടെ ചേമ്പറിൽ വച്ച് കെ.എസ്.സി.സി പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ നിരക്ക് വർദ്ധന അംഗീകരിച്ചാൽ മാത്രമേ പ്രവർത്തി തുടരാൻ കഴിയൂ എന്ന് കെ.എസ്.സി.സി അറിയിച്ച സാഹചര്യത്തിൽ ആയതിന് വേണ്ട ഷെഡ്യൂൾ നിരക്ക് മാർക്കറ്റ് നിരക്ക് തുടങ്ങിയവയുമായി താരതമ്യപ്പെടുത്തി | |

| ക്രമ നം. | ഖണ്ഡിക | ഓഡിറ്റ് പരാമർശ വിഷയം | പരാമർശത്തിനുള്ള മറുപടി | റിമാർക്സ് |
|---|---|---|---|---|
| | | | കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിന് കെ.എസ്.സി.സി യോട് ആവശ്യപ്പെടുകയും ആയത് സർക്കാർ അംഗീകാരത്തിനായി അയക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. മേൽ തീരുമാന പ്രകാരം പ്രസ്തുത സ്റ്റേറ്റ്മെന്റ് കെ.എസ്.സി.സി 14.06.2002 ന് അയച്ചു തരികയും ചെയ്തു.എന്നാൽ 13.5.2002 ലെ നോട്ടീസ് പ്രകാരം കെ.എസ്.സി.സി യും അവരുടെ സബ് കോൺട്രാക്ടറായ പി.ടി. ധർമ്മരാജൻ എന്നവരും തമ്മിലുള്ള കേസിന്റെ തെളിവെടുപ്പിനുവേണ്ടി ഈ പ്രവർത്തിയുടെ ഫയലും മറ്റ് രേഖകളും കോഴിക്കോട് സബോർഡിനേറ്റ് ജഡ്ജ് ആവശ്യപ്പെട്ടതിനാൽ ബഹു.കോടതി മുമ്പാകെ സമർപ്പിക്കുകയും ചെയ്തിരുന്നു. കോടതിയിൽ സമർപ്പിച്ച ഫയലും രേഖകളും 1.9.2008 ന് മാത്രമാണ് കോർപ്പറേഷൻ ഓഫീസിൽ തിരികെ ലഭിക്കുന്നത്. കെ.എസ്.സി.സി യും അവരുടെ സബ് കോൺട്രാക്ടറായ പി.ടി.ധർമ്മരാജൻ എന്നവരും തമ്മിലുള്ള കേസിൽ കക്ഷിയല്ല.<br><br>20.11.2006 തീയതിയിലെ കത്ത് പ്രകാരം മേൽ പ്രവൃത്തി ചെയ്യുന്നതിന് എസ്.ഒ.ആർ 2004 അനുസരിച്ച് 22 ശതമാനം അധിക നിരക്ക് അനുവദിക്കണം എന്ന് ആവശ്യപ്പെട്ട് കൊണ്ട് കെ.എസ്.സി.സി വീണ്ടും അറിയിച്ച സാഹചര്യത്തിൽ കോർപ്പറേഷൻ സ്റ്റാന്റിംഗ് കൗൺസിലിന്റെ നിയമോപദേശം തേടിയതിൽ ഈ പ്രവൃത്തിയുടെ കരാർ റദ്ദ് ചെയ്ത് കരാറുകാരന്റെ റിസ്ക്ക് & കോസ്റ്റിൽ റീടെണ്ടർ ചെയ്യുന്നതിന് ഉപദേശം നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കോർപ്പറേഷൻ എന്ത് നിലപാട് സ്വീകരിക്കണം എന്നത് സംബന്ധിച്ച് ഉചിതമായ നിർദ്ദേശവും ഉത്തരവും ഉണ്ടാകുന്നതിനായി ആരാധ്യ: മേയറുടെ നിർദ്ദേശാനുസരണം ഗവൺമെന്റിലേക്ക് 13.7.10 ന് കത്തയച്ചിട്ടുള്ളതും ആയത് പ്രകാരം 5.3.2011 ലെ 5942/ഡിസി3/2011 തസ്വഭവ കത്ത് പ്രകാരം കെ.എസ്.സി.സി യും സബ് കോൺട്രാക്ടറും തമ്മിലുള്ള കേസ് തീർപ്പായാലും ഇല്ലെങ്കിലും പ്രവൃത്തി തുടർന്ന് നടത്തുന്നതിന് തടസ്സ | |

| ക്രമ നം. | ഖണ്ഡിക | ഓഡിറ്റ് പരാമർശ വിഷയം | പരാമർശത്തിനുള്ള മറുപടി | റിമാർക്സ് |
|---|---|---|---|---|
| | | | മുണ്ടെന്ന് കാണുന്നില്ല എന്നും, മേൽ സാഹചര്യത്തിൽ പ്രവർത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നഗരസഭയ്ക്ക് തന്നെ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്. കരാർ റദ്ദ് ചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി ചെയ്യിക്കാതിരിക്കാൻ കാരണം ചോദിച്ചുകൊണ്ട് 9.11.11 ന് കരാറുകാരന് കത്ത് നൽകിയിട്ടുള്ളതാണ്. കേന്ദ്രസർക്കാരിന്റെ ഗ്രാന്റ്- ഇൻ-എയ്ഡ് 63 ലക്ഷം രൂപയിൽ ഒന്നാംഗഡു 18.90 ലക്ഷം രൂപ നഗരസഭ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രവൃത്തി മേൽ പരാമർശിച്ച വ്യവഹാര കാരണങ്ങളാലും കെ.എസ്.സി.സി അനാസ്ഥ മൂലവും തടസ്സപ്പെട്ടത് കാരണത്താലാണ് കോഴിക്കോട് നഗരസഭ അടുത്ത ഗഡു തുക ആവശ്യപ്പെടാതിരുന്നിട്ടുള്ളത്.<br><br>പ്രസ്തുത ഹോസ്റ്റലിന്റെ നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കാൻ ഇപ്പോൾ നടപടി സ്വീകരിച്ച് വരുന്നു. 2011-12 ലെ വനിതാ ക്ഷേമ പദ്ധതി വിഹിതത്തിൽ ഈ പ്രവർത്തിക്കായി ഒരു കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇപ്പോഴത്തെ ഷെഡ്യൂൾ നിരക്കിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് തിട്ടപ്പെടുത്തി നഗരസഭക്കുണ്ടായ നഷ്ടം കെ.എസ്.സി.സിയിൽ നിന്നും ഈടാക്കുന്നതിനും കരാർ റദ്ദ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പദ്ധതി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഒരു കോടി രൂപയുടെ ആദ്യഘട്ടം പ്രവർത്തനം ആരംഭിക്കുന്നതും വനിതാക്ഷേമം ഘടകപദ്ധതിയിൽ തുക കണ്ടെത്തി ഘട്ടംഘട്ടമായി ടി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ച് വരുന്നതായി കോഴിക്കോട് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. | |
| 4. | 4.6 | DWCUA യൂണിറ്റുകൾക്ക് നൽകിയ ഫലദായകമല്ലാത്ത സാമ്പത്തിക സഹായം : | കൊല്ലം കോർപ്പറേഷൻ - കൊല്ലം കോർപ്പറേഷനിൽ സി.ഡി.എസ് വഴി 1999 മുതൽ 60 വനിതാ യൂണിറ്റുകൾക്കാണ് സബ്സിഡി നൽകിയത്. യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം ബാങ്ക് വഴി | |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.